LSGD
തദ്ദേശ
സ്വയംഭരണ
വകുപ്പ്

# കുമരകം
## ഗ്രാമപഞ്ചായത്ത്

# പൗരാവകാശ രേഖ
## 2026



ജനങ്ങൾക്കൊപ്പം | സുതാര്യത | ഉത്തരവാദിത്തം | കാര്യക്ഷമത | സുസ്ഥിര വികസനം

# കുമരകം ഗ്രാമപഞ്ചായത്ത്

## പൌരാവകാശരേഖ

പ്രാദേശിക സർക്കാരുകളുടെ ശാക്തീകരണത്തിലൂടെ സാധാരണ ജനങ്ങളുടെ ശാക്തീകരണത്തിന് സഹായിക്കുന്ന വ്യവസ്ഥ എന്നാണ് വികേന്ദ്രീകരണ ഭരണക്രമം നിർവ്വചിച്ചിരിക്കുന്നത്. ഈ മഹത്തായ പ്രക്രിയയിൽ പഞ്ചായത്ത് ഒരു നിർണ്ണായക പങ്ക് വഹിച്ചുപോരുന്നു.

ആധുനിക ജനാധിപത്യ സമൂഹത്തിൽ ഗുണമേൻമയുള്ളതും സുതാര്യവുമായ ഒരു ഭരണക്രമമാണ് ജനങ്ങൾ കാംക്ഷിക്കുന്നത്. അത്തരം ഒരു ഭരണക്രമം ഉറപ്പുവരുത്തുന്നതിനുള്ള ഒരു പ്രധാന ഉപാധിയാണ് പൌരാവകാശ രേഖ. ഒരോ ഭരണസ്ഥാപനങ്ങളിലും നിർണ്ണയിക്കപ്പെട്ട രീതിയിൽ പൌരൻമാർക്ക് ലഭ്യമാകുന്ന വിവിധ ഇനം  സേവനങ്ങളും, അവയുടെ വ്യവസ്ഥകളും, അവ ലഭ്യമാക്കുന്ന സമയപരിധിയും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ച് സമയബന്ധിതമായി സേവനങ്ങൾ പ്രദാനം ചെയ്ത് സാമൂഹനീതിയും ഭരണസുതാര്യതയും കൈവരിക്കുന്നതിന് പൌരാവകാശ രേഖയിലൂടെ ലക്ഷ്യമിടുന്നു

അത്തരം ഒരു പൌരാവകാശരേഖ നിലവിലെ നിയമങ്ങൾക്കനുസ്സരിച്ച് കാലോചിതമായി പുതുക്കി കുമരകം ഗ്രാമപഞ്ചായത്ത് തയ്യാറാക്കി ഭരണസുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായി പൊതുജനസമക്ഷം സമർപ്പിക്കുന്നു.

| | |
|---|---|
| ബിനു.എസ് | എ.പി ഗോപി |
| (സെക്രട്ടറി) | (പ്രസിഡന്റ്) |

കുമരകം
17/06/2026

# പൗരാവകാശ രേഖ എന്ത്, എന്തിന്?

അറിയാനുള്ള അവകാശം പൗരന്മാർക്ക് ഭരണഘടനാദത്തമായിട്ടുള്ള മൗലികാ വകാശമാണ്. അത് യഥാർത്ഥ്യവത്കരിക്കുന്നതിനുള്ള ഉപാധികളിലൊന്നാണ് പൗരാവകാശ രേഖ. ഭരണസംവിധാനത്തെയും സേവന മേഖല യെയും സംബന്ധിച്ച് ജനങ്ങൾക്ക് അറിയാനും അവരെ അറിയിക്കാനുമുള്ള ഇടപെടലാണ് പൗരാവകാശരേഖ. സങ്കീർണ്ണവും എണ്ണമറ്റതുമായ നിയമങ്ങൾ നിറഞ്ഞ ഇക്കാലത്ത് അറിയാനും മനസ്സിലാക്കാനുമുള്ള സാധാരണ പൗരന്റെ അവകാശം ഉറപ്പ് വരുത്തലാണ് പൗരാവകാശ രേഖ നിർവ്വഹിക്കുന്നത്.

കേരളത്തിൽ ഭരണപരിഷ്കരണ വകുപ്പ് 1999 ഡിസംബർ 21ന് പുറപ്പെടുവിച്ച ഉത്തരവ് ജി.ഒ.(എം.എസ്.) 30/89 പി & എ.ആർ.ഡി. പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും പൊതുസ്ഥാപനങ്ങളും പൗരാവകാശ രേഖ പ്രസിദ്ധ പ്പെടുത്തേണ്ടതാണ്. ഭരണം സുതാര്യ മാക്കുന്നതിന് ഭരണതലത്തിൽ നിന്നു തന്നെ ഇടപെടുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് നിയമം ചില വ്യവലസ്ഥകൾ ചെയ്തിട്ടുണ്ട്. 1999ലെ 13-ാം ഭേദഗതി ആക്ടിലൂടെ ഇതിനായി പഞ്ചായത്ത് രാജ് നിയമ ത്തിൽ ചില കുട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ട്. 25 എ. അധ്യായം പൗരൻ്റെ അറിയാനുള്ള അവകാശത്തെയും ബി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ്റെ രൂപീകരണത്തെയും 25 സി ട്രിബ്യൂണലിന്റെറെ രൂപീകരണത്തെയും പ്രതിപാദിക്കുന്നു. ഗ്രാമസഭ, സോഷ്യൽ ഓഡിറ്റ്, പെർഫോമൻസ് ഓഡിറ്റ് തുടങ്ങിയവയും സുതാര്യത സൃഷ്ടിക്കുന്നതിന് ഉപോദ്ബലകമാണ്.

പഞ്ചായത്ത് രാജ് ആക്ടിലെ 272 എ വകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. നിർണ്ണയിക്കപ്പെട്ട രീതിയിൽ പൗരൻമാർക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ അതിനുള്ള വ്യവസ്ഥകൾ ലഭ്യമാക്കുന്ന സമയപരിധി തുടങ്ങിയവ സംബന്ധിച്ച് രൂപരേഖയാണ് പൗരാവകാശരേഖ. അത് എങ്ങിനെ തയ്യാറാക്കണം എന്ന് വിശദീകരിക്കുന്ന 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങൾ 2004 മെയ് 17ന് നിലവിൽ വന്നു. അതനുസരിച്ചാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്. ഒരിക്കൽ പുറത്തിറക്കുന്ന പൗരാവകാശ രേഖയ്ക്ക് ആ പഞ്ചായത്ത് ഭരണ സമിതിയുടെ കാലാവധിക്കുശേഷം പുതിയ ഭരണസമിതി അധികാരത്തിൽ വന്ന് ആറുമാസം വരെ പ്രാബല്യമുണ്ടായിക്കും.

പ്രതികരണോന്മുഖ ഭരണ സംവിധാനത്തിൻ്റെ സവിശേഷതയാണ് പൗ രാവകാശ രേഖ, ജനങ്ങളോട് ഉത്തരവാദിത്വമുള്ളതും കാര്യക്ഷമതയുള്ളതും ജനങ്ങളുടെ പരാതികൾ പരിഹരിക്കാൻ സാധിക്കുന്നതുമായ ഭരണം ഉറപ്പു വരുത്താൻ സഹായകരമാണ് പൗരാവകാശ രേഖ. അറിയാനും മനസ്സിലാക്കാനുമുള്ള സാധാരണ

പൗരൻ്റെ അവകാശത്തെ ഉയർത്തി പ്പിടിക്കാൻ സമ്പുഷ്ടമായ പൗരാവകാശ രേഖയിലൂടെ സാധിക്കും. ഒരു ഭരണസംവിധാനത്തിന് കീഴിൽ ജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നത്, അതിന് ആരെയാണ് സമീപിക്കേണ്ടത്, ഔദഭാഗികമായ നടപടിക്രമങ്ങൾ എന്തൊക്കെയാണ്, ആവശ്യപ്പെടുന്ന സേവനം കുറഞ്ഞ സമയദൈർഘ്യത്തിനുള്ളിൽ ലഭ്യമാക്കുന്നതിന് എന്താണ് ചെയ്യേണ്ടത്. അർഹമായ സേവനം ലഭ്യമാക്കാതിരുന്നാൽ ആർക്കാണ് പരാതി നൽകേണ്ടത്. എന്നിങ്ങനെ കാര്യങ്ങൾ സമഗ്രമായി വിശദീകരിക്കുന്ന താകണം പൗരാവകാശരേഖ. അതുവഴി സേവനങ്ങൾ നൽകൽ ഗുണപരമായി ഒരു ദൗത്യമല്ലെന്നും അതു നൽകപ്പെടേണ്ടവയാണെന്നും ഉള്ള ബോധം ഭരണകർത്താ ക്കളിൽ സൃഷ്ടിക്കാനും സേവനങ്ങൾ തങ്ങളുടെ അവകാശമാണെന്ന് പൊതുജ നങ്ങളെ ബോധ്യപ്പെടുത്താനും പൗരാവകാശ രേഖ സഹായിക്കും.

ഭരണ സംവിധാനത്തിൽ ജനങ്ങൾക്ക് വിശ്വാസവും മതിപ്പും ഉണ്ടാകണമെങ്കിൽ ഭരണം സുതാര്യമായിരിക്കണം. ജനാധിപത്യ സംവിധാനത്തിൻറെ വള ർച്ചയ്ക്ക് ഭരണ സുതാര്യത കൂടിയേതീരു. അറിയാനും മനസ്സിലാക്കാനുമുള്ള സാധാരണ പൗരൻ്റെ അവകാശം മാനിക്ക പ്പെടണം. ഈ അവകാശവും സുതാര്യതയും ഫലവത്താക്കാ നുള്ള സംവിധാനമാണ് പൗരാവകാശ രേഖ.

ലഭിക്കേണ്ട സേവനങ്ങളെ സംബന്ധിച്ച് ശരിയായ ധാരണ പൊതു ജനങ്ങളിൽ സൃഷ്ടിക്കുന്ന തിനും അവ യഥാസമയം അർഹതയുള്ളവർക്ക് നേടാനും ലഭ്യ മാക്കാനും പൗരാവകാശ രേഖയിലൂടെ സാധിക്കുന്നു. ഔദരാഗിക കാര്യനിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനും ഇതുവഴി സാധിക്കും.

**കുമരകം ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റികൾ**

# ഉള്ളടക്കം


- വാർഡുകൾ
- പഞ്ചായത്ത് ഭരണ സമിതി
- സെക്രട്ടറിയും ജീവനക്കാരും
- പൊതു വിവരങ്ങൾ
- പൊതു സ്ഥാപനങ്ങൾ
- നിർവ്വഹണ ഉദ്യോഗസ്ഥർ
- പൊതു വിവരങ്ങൾ
- പൊതു സ്ഥാപനങ്ങൾ
- നിർവ്വഹണ ഉദ്യോഗസ്ഥർ
- പ്രസിഡന്റിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ
- പഞ്ചായത്തിൽ നിന്നും ഘടക സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ


**ഭാഗം – 2**


- പൗരന്റെ ചുമതലകളും കടമകളും
- പൊതുവായ നിബന്ധനകളും

# വാർഡുകൾ

വാർഡ് 01 : കവണാറ്റിൻകര

വാർഡ് 02 : സി.എസ്. ഐ ചർച്ച്

വാർഡ് 03 : മങ്കുഴി

വാർഡ് 04 : വടക്കുംകര

വാർഡ് 05 : കൊല്ലകേരി

വാർഡ് 06 : ഇടവട്ടം

വാർഡ് 07 : തെക്കുംകര

വാർഡ് 08 : അട്ടിപ്പീടിക

വാർഡ് 09 : നസ്രേത്ത്

വാർഡ് 10 : ബസാർ

വാർഡ് 11 : മേലേക്കര

വാർഡ് 12 : കുമരകം ടൌൺ

വാർഡ് 13 : എസ്.ബി.ഐ

വാർഡ് 14 : അമ്മങ്കരി

വാർഡ് 15 : ശ്രീകുമാരമംഗലം

വാർഡ് 16 : ചെപ്പന്നൂർക്കരി

# ഗ്രാമപഞ്ചായത്ത് ജീവനക്കാർ

| | |
|---|---|
| സെക്രട്ടറി | : ശ്രീ. ബിനു. എസ് |
| അസി. സെക്രട്ടറി | : ശ്രീ. മുത്തുമണി കെ.ഡി |
| ഹെഡ് ക്ലാർക്ക് | : ശ്രീമതി. ആശാ ഗോപിനാഥ് |
| ഹെഡ് അക്കൌണ്ട് | : ശ്രീ. ഷാം എ. |
| സീനിയർ ക്ലാർക്ക് | : ശ്രീമതി. അനീസ്യ അച്ചൻകുഞ്ഞ് |
| സീനിയർ ക്ലാർക്ക് | : ശ്രീ. ബിന്ദുമോൾ എ. |
| സീനിയർ ക്ലാർക്ക് | : ശ്രീമതി. ജയശ്രീ ഡി |
| ക്ലാർക്ക് | : ശ്രീ. മുജീബ് റഹ്മാൻ |
| ക്ലാർക്ക് | : ശ്രീ. ജഗദീഷ് പി.ടി |
| ക്ലാർക്ക് | : ശ്രീമതി. സൌമ്യമോൾ ടി.ആർ |
| ഓഫീസ് അറ്റൻഡന്റ് | : ശ്രീമതി. ശ്രീജ വി |
| ഓഫീസ് അറ്റൻഡന്റ് | : ശ്രീമതി. രജിത ആർ |
| പാർട്ട് ടൈം ലൈബ്രേറിയൻ | : ശ്രീമതി. പ്രസന്ന കെ.ജി |
| പാർട്ട് ടൈംസ്വീപ്പർ | : ശ്രീമതി. സൌദമ്മ വി.ഡി |
| പാർട്ട് ടൈംസ്വീപ്പർ | : ശ്രീ. സുരേഷ് സി.എസ് |
| ഡ്രൈവർ | : ശ്രീ. അനീഷ് പി.എ |
| പ്രോജക്ട് അസിസ്റ്റന്റ് | : കുമാരി. നന്ദന സുനിൽ |
| ടെക്നിക്കൽ അസിസ്റ്റന്റ് | : ശ്രീമതി. സരിത വിലാസൻ |
| പ്രേരക് | : കുമാരി. രശ്മികല |
| പ്ലാൻ ഫെസിലിറ്റേറ്റർ | : ശ്രീമതി. ഷെറിൻ ക്രിസ്റ്റഫർ |

## എം.ജി.എൻ.ആർ.ഇ.ജി.എ

## മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | |
|---|---|
| അക്രഡിറ്റഡ് എഞ്ചിനീയർ | : ശ്രീമതി. ദേവിക ഷാജി |
| ഓവർസീയർ | : ശ്രീമതി. പ്രവദ ദേവരാജൻ |
| | : ശ്രീ. ജിതിൻ ശശിധരൻ |
| ഡേറ്റാ എൻട്രി ഓപ്പറേറ്റർ | : ശ്രീമതി. കെ.റ്റി അപർണ്ണ |
| | : ശ്രീമതി. ശാലിനി കെ.എസ് |
| | : കുമാരി. ശ്രീജ തങ്കപ്പൻ |

# <u>പൊതു വിവരങ്ങൾ</u>

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : കുമരകം ഗ്രാമപഞ്ചായത്ത് |
| ജില്ല | : കോട്ടയം |
| ഉൾപ്പെടുന്ന വില്ലേജ് | : കുമരകം |
| വിസ്തീർണ്ണം | : 51.67 ച.കി.മീ |
| ബ്ലോക്ക് പഞ്ചായത്ത് | : ഏറ്റുമാനൂർ |
| ജില്ലാ പഞ്ചായത്ത് | : കോട്ടയം |
| താലൂക്ക് | : കോട്ടയം |
| അസംബ്ലി മണ്ഡലം | : ഏറ്റുമാനൂർ |
| പാർലമെന്റ് നിയോജക മണ്ഡലം | : കോട്ടയം |
| വാർഡുകൾ | : 16 |
| ജന സംഖ്യ ( സ്ത്രീ) | : 11373 |
| ജന സംഖ്യ (പുരുഷൻ) | : 11049 |
| പട്ടിക ജാതി | : 1043 |
| പട്ടിക വർഗ്ഗം | : 1111 |
| കുടുംബശ്രീ യൂണിറ്റുകൾ | : 257 |
| അംഗനവാടികൾ | : 25 |

<u>**അതിരുകൾ**</u>

**കിഴക്ക്** : **തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്**

**പടിഞ്ഞാറ്** : **വേമ്പനാട്ടുകായൽ**

**തെക്ക്** : **വേമ്പനാട്ടുകായൽ**

**വടക്ക്** : **അയ്മനം പഞ്ചായത്ത്**



# പൊതു സ്ഥാപനങ്ങൾ

1. ഗ്രാമപഞ്ചായത്ത് ആഫീസ്
2. കൃഷിഭവൻ, കുമരകം
3. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്
4. അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ്
5. വെറ്റിനറി ഡിസ്പെൻസറി
6. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ
7. ആയുർവ്വേദ ഡിസ്പെൻസറി
8. വില്ലേജ് ഓഫീസ്, കുമരകം
9. ഹയർസെക്കണ്ടറി സ്ക്കൂൾ - 2
10. ഹൈസ്ക്കൂൾ - 2
11. എൽ.പി.സ്ക്കൂൾ - 5
12. അംഗനവാടികൾ - 25

# നിർവ്വഹണ ഉദ്യോഗസ്ഥർ

| | |
|---|---|
| സെക്രട്ടറി | : ശ്രീ. ബിനു. എസ് |
| അസ്സി. സെക്രട്ടറി | : ശ്രീ. മുത്തുമണി കെ.ഡി |
| വെറ്ററിനറി സർജൻ | : ശ്രീ.സായ് പ്രസാദ് |
| അസ്സിസ്റ്റന്റ് എഞ്ചിനിയർ | : ശ്രീ. റസ്സൽ എം |
| കൃഷി ഓഫീസർ | : കുമാരി. ആൻ സ്നേഹ ബേബി |
| വി.ഇ.ഓ | : ശ്രീമതി. ലളിത കെ. |
| വി.ഇ.ഓ | : ശ്രീമതി. അനില ശശിധരൻ |
| എം.ഒ. സി.എച്ച്.സി. കുമരകം | : ഡോ. സീമ എസ്. |
| എം.ഒ. ഹോമിയോ | : ഡോ.  വസുധ എസ് |
| എം.ഒ. ആയുർവ്വേദം | : ഡോ. ലക്ഷ്മി എൻ. |
| ഐ.സി.ഡി.എസ്. | : ശ്രീമതി. സുഷ്മിത എസ്.കമ്മത്ത് |
| എച്ച്.എം | : ശ്രീമതി. സൂസൻ കെ. തോമസ് |
| ഫിഷറീസ് എക്സ്റ്റൻഷൻഓഫീസർ | : ശ്രീമതി. ബ്ലസ്സി ജോഷി |
| ഡയറി ഫാം ഇൻസ്രടക്ടർ | : ശ്രീമതി. രവീണ രവി |

## പഞ്ചായത്തിൽ നിന്നും സമയബന്ധിതമായി ലഭിക്കുന്ന സേവനങ്ങൾ

### ***<u>പ്രസിഡന്റിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ</u>***

1. സ്വഭാവ സർട്ടിഫിക്കറ്റ്
2. ഒരു കാർഡിലും ഉൾപ്പെട്ടിട്ടില്ല എന്ന സർട്ടിഫിക്കറ്റ്
3. തൊഴിൽരഹിതനാണെന്ന് സർട്ടിഫിക്കറ്റ്
4. ലൈഫ് സർട്ടിഫിക്കറ്റ്
5. വിവാഹം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ വിവാഹിതനാണെന്ന സർട്ടിഫിക്കറ്റ്
6. രജിസ്റ്റർ ചെയ്യാത്ത കേസിൽ മരണം സംഭവിച്ച സർട്ടിഫിക്കറ്റ്
7. പുനർവിവാഹം ചെയ്തിട്ടില്ല എന്നുള്ള സർട്ടിഫിക്കറ്റ്
8. കുടുംബ ബന്ധം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ( വിവിധ ക്ഷേമനിധി ബോർഡുകളിൽ ഹാജരാക്കുന്നതിന്)
9. വാസയോഗ്യമായ വീട് ഇല്ലെന്ന സർട്ടിഫിക്കറ്റ്
10. സ്റ്റേജ് സർട്ടിഫിക

വെള്ള കടലാസിൽ പ്രസിഡന്റ് തയ്യാറാക്കിയ അപേക്ഷ ബന്ധപ്പെട്ട വാർഡ് മെമ്പറുടെ സാക്ഷ്യപത്രം, റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവ സഹിതം പ്രസിഡന്റിനെ നേരിട്ട് സമർപ്പിച്ചു നൽകണം. ഏഴു ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. ഇവയ്ക്ക് പുറമെ പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിൽ നൽകാവുന്ന മറ്റ് സർട്ടിഫിക്കറ്റുകളും പൊതുവായ പരാതികൾ എന്നിവയും പ്രസിഡന്റിനെ നേരിട്ട് നൽകാവുന്നതാണ്. സ്വന്തം നിലയിൽ തീരുമാനമെടുക്കാൻ കഴിയുന്നവ അന്നേദിവസം ഭരണസമിതി തീരുമാനം ആവശ്യമായവ 45 ദിവസത്തിനകം തീർപ്പാക്കും. മറ്റ് അധികാര സ്ഥാനങ്ങളുടെ സേവനങ്ങൾ ആവശ്യമായ സംഗതികൾ ഏഴു ദിവസത്തിനകം ബന്ധപ്പെട്ടവർക്ക് അയച്ചു കൊടുക്കുന്നതുമാണ്.

# ഗ്രാമപഞ്ചായത്തുകളുടെ ചുമതലകൾ

## അനിവാര്യ ചുമതലകൾ

കേരള പഞ്ചായത്ത് രാജ് നിയമം 1994 (പിന്നീട് വന്ന ഭേദഗതികൾ ഉൾപ്പെടെ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ നിർവ്വഹിക്കേണ്ട അനിവാര്യ ചുമതലകളെകുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അനിവാര്യ ചുമതലകൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഒരു ഗ്രാമപഞ്ചായത്ത് സംവിധാനം ആ പ്രദേശത്തെ പ്രാദേശിക സർക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വികസനവും, ജനങ്ങളുടെ ക്ഷേമവും ഉറപ്പാക്കുന്നതിന് നിർബന്ധപൂർവ്വം നിർവ്വഹിക്കേണ്ട, നിയമപരമായി ബാദ്ധ്യസ്ഥമായ ചുമതലകൾ എന്നാണ്. അനിവാര്യ ചുമതലകൾ എന്നതു സൂചിപ്പിക്കുന്നത് മുൻഗണന നൽകി നിർബന്ധപൂർവ്വം നടപ്പിലാക്കേണ്ട പ്രവൃത്തികൾ എന്നാണ്. അതായത് ഒരു ഗ്രാമപഞ്ചായത്ത് അതിന്റെ പ്രവർത്തന പരിപാടികൾ രൂപീകരിക്കുമ്പോൾ അനിവാര്യ ചുമതലകളുടെ നിർവ്വഹണത്തിനായിരി ക്കണം മുഖ്യ ഊന്നൽ നൽകേണ്ടത്.

1999-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) നിയമം അനുസരിച്ചുള്ള ഗ്രാമപഞ്ചായത്തിൻ്റെ അനിവാര്യ ചുമതലകൾ താഴെ ചേർക്കുന്നു.

- കെട്ടിട നിർമ്മാണം നിയന്ത്രിക്കുക.
- പൊതുസ്ഥലങ്ങൾ കയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക.
- പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക.
- കുളങ്ങളും മറ്റു ജലസംഭരണികളും സംരക്ഷിക്കുക.
- ഗ്രാമപഞ്ചായത്തിൻ്റെ ചുമതലയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക.
- ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക. ദ്രവമാലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കുക.
- പേമാരി മൂലമുണ്ടാകുന്ന വെള്ളം ഒഴുക്കികളയുക
- പരിസ്ഥിതി ആരോഗ്യരക്ഷകമാക്കി സംരക്ഷിക്കുക.
- പൊതു മാർക്കറ്റുകൾ പരിപാലിക്കുക.
- സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക.
- മൃഗങ്ങളുടെ കശാപ്പ്, മാംസം, മത്സ്യം, എളുപ്പത്തിൽ കേടുവരുന്ന മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വിൽപ്പന മുതലായവ നിയന്ത്രിക്കുക

- ഭക്ഷണശാലകളെ നിയന്ത്രിക്കുക.
- ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക.
- റോഡുകളും മറ്റു പൊതുമുതലുകളും സംരക്ഷിക്കുക.
- തെരുവു വിളക്കുകൾ കത്തിക്കുകയും അവ പരിപാലിക്കുകയും ചെയ്യുക.
- രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക.
- രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയ തലത്തിലും സംസ്ഥാന തലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പാക്കുക.
- ശവപറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
- അപകടകരവും അസഹകരവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുക.
- ജനനവും മരണവും രജിസ്റ്റർ ചെയ്യുക.
- കുളിക്കടവുകളും അലക്കുകടവുകളും സ്ഥാപിക്കുക.
- കടത്തുകൾ ഏർപ്പെടുത്തുക.
- വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക.
- യാത്രക്കാർക്കായി വെയ്റ്റിംഗ് ഷെഡുകൾ നിർമ്മിക്കുക.
- പൊതു സ്ഥലങ്ങളിൽ മൂത്രപ്പുരയും കക്കൂസും കുളിസ്ഥലങ്ങളും ഏർപ്പെടുത്തുക.
- മേളകളുടെയും ഉത്സവങ്ങളുടെയും നടത്തിപ്പ് ക്രമീകരിക്കുക.
- വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യുകയും ചെയ്യുക.

# പൊതുവായ ചുമതലകൾ

പൊതുവായ ചുമതലകൾ എന്നത് നിർബന്ധപൂർവ്വം നടപ്പിലാക്കേണ്ട അനിവാര്യ ചുമതലകളിൽ നിന്ന് വിത്യസ്തമായി നിർദ്ദേശിക്കുന്ന പൊതു സ്വഭാവമുള്ള ചുമതലകളാണ്. അനിവാര്യ ചുമതലകൾക്കുപുറമെ പഞ്ചായത്ത് കർമ്മപരിപാടിയിലും പ്രവർത്തനത്തിലും ഊന്നൽ നൽകേണ്ടവയായി ഇവ കണക്കാക്കപ്പെടുന്നു. ഭരണഘടനയിലെ നിർദ്ദേശക തത്വങ്ങളുടെ സ്വഭാവം ഉൾക്കൊള്ളുന്ന തരത്തിൽ നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെടുന്നവയാണ് പൊതു ചുമതലകൾ.

- അവശ്യ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും കാലാനുസൃതമാക്കുകയും ചെയ്യുക.
- സ്വാശ്രയ പ്രവർത്തകരെ സംഘടിപ്പിക്കുകയും കൂട്ടായ പ്രവർത്തനങ്ങളിൽ ഭാഗ ഭാക്കുകളാക്കുകയും ചെയ്യുക.
- മിതവ്യയം ശീലിക്കുന്നതിന് പ്രചരണപരിപാടികൾ സംഘടിപ്പിക്കുക.
- മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, സ്ത്രീധനം, സ്ത്രീകളെയും കുട്ടി കളെയും പീഡിപ്പിക്കൽ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ ബോധ വൽക്കരണം നടത്തുക.
- വികസനത്തിൻ്റെ എല്ലാ ഘട്ടങ്ങളിലും പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുക
- പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- പരിസ്ഥിതി സംബന്ധിച്ച ബോധവൽക്കരണം നടത്തുക.
- സഹകരണ മേഖല വികസിപ്പിക്കുക.
- സാമുദായിക ഐക്യം മെച്ചപ്പെടുത്തുക, സാമുദായിക സ്പർദ്ധകളുണ്ടാകുമ്പോൾ ഇടപെടുക. ഒത്തുതീർപ്പുകൾ രൂപപ്പെടുത്തുക, സാമൂഹ്യ കൂട്ടായ്മകൾ സംഘടി പ്പിക്കുക.
- വികസനാവശ്യങ്ങൾക്ക് ഭൂമി സൗജന്യമായി വിട്ടുകൊടുക്കുന്നതുൾപ്പടെ പണ മായോ വസ്തുക്കളായോ പ്രാദേശികമായി വിഭവസമാഹരണം നടത്തുക.
- ദുർബല വിഭാഗങ്ങൾക്കിടയിൽ നിയമ ബോധവൽക്കരണം പ്രചരിപ്പിക്കുക.
- സാമ്പത്തിക കുറ്റങ്ങൾക്കെതിരെ പ്രചരണം നടത്തുക.

- പാവപ്പെട്ടവരെ കേന്ദ്രീകരിച്ച് അയൽക്കൂട്ടങ്ങളും സ്വാശ്രയസംഘങ്ങളും രൂപി കരിക്കുക.
- പൗരധർമ്മത്തെപ്പറ്റി ബോധവൽക്കരണം നടത്തുക. പൗരന്മാർക്കിടയിൽ അവരുടെ ഉത്തരവാദിത്വങ്ങളെയും കടമകളെയും കുറിച്ചും അവകാശങ്ങളെ ക്കുറിച്ചും ബോധവൽ ക്കരണം നടത്തുക

## മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

**1. കൃഷിമേഖലാ**

പരമാവധി ഭൂവിനിയോഗം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മണ്ണ് സംരക്ഷണം, ജൈവവള ഉൽപാദനം, കൂട്ടുകൃഷി, കാർഷിക സ്വാശ്രയസംഘം, ഉദ്യാനകൃഷി, പച്ചക്കറികൃഷി, കാലിത്തീറ്റ വിള ഉൽപാദനം, സസ്യസംരക്ഷണം, വിത്ത് ഉൽപാദനം, യന്ത്രവൽകൃത കൃഷി എന്നിവ നിർവ്വഹിക്കാൻ തക്ക വിധം കൃഷിഭവനുകളുടെ നടത്തിപ്പ്.

**2. മൃഗസംരക്ഷണം/ക്ഷീരോൽപാദനം**

കന്നുകാലി വികസനം, പാൽ ഉൽപാദനം, മുട്ടക്കോഴി, ഇറച്ചിക്കോഴി, ആട്, പന്നി, മുയൽ എന്നിവയുടെ പരിപാലനം, തേനീച്ചവളർത്തൽ, മൃഗരോഗപ്രതിരോധം, പ്രത്യുൽപാദന ക്ഷമതാ വികസനം. ജന്തുക്കളോടുള്ള തടയുക, മൃഗജന്യ രോഗങ്ങൾ തടയുക എന്നിവ മുൻ നിർത്തി മൃഗാശുപത്രിയുടെ നടത്തിപ്പ്.

**3. മത്സ്യ സമ്പത്ത്**

ഉൾനാടൻ മത്സ്യ സമ്പത്ത് വികസനം, മത്സ്യക്കുഞ്ഞ് ഉൽപാദനം വിതരണം, മത്സ്യ ബന്ധന ഉപാധികളുടെ വിതരണം, മത്സ്യ വിപണി, മത്സ്യ തൊഴിലാളി ക്ഷേമ സൗകര്യം എന്നിവ മുൻനിർത്തിയുള്ള സേവന ചുമതല.

**4. സാമൂഹ്യവനവൽക്കരണം**

കാലിത്തീറ്റ വികസനം, ഇന്ധന ലഭ്യത വികസനം, ഭൂസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, പാഴ്ഭൂമി വനവൽക്കരണം എന്നിവയ്ക്കായുള്ള ഉദ്യമം നടപ്പാക്കുക.

**5. വ്യവസായം**

ഗ്രാമീണ പരമ്പരാഗത ചെറുകിട കുടിൽ വ്യവസായ സ്ഥാപനം, പ്രോത്സാഹനം, സംരംഭക പരിശീലനം, മാർഗ്ഗനിർദ്ദേശം പിന്തുണാ സംവിധാനം ഏർപ്പെടുത്തുവാൻ തക്ക ഖാദി ഗ്രാമീണ വ്യവസായ വികസന ചുമതല.

**6. പാർപ്പിടം**

ഭവന രഹിതർ, ഭൂരഹിതർ, അതീവ ദരിദ്രർ എന്നിവർക്ക് സുരക്ഷിത പാർപ്പിട സംരംഭം നടപ്പാക്കുക.

**7. ജലവിതരണം**

ഗ്രാമീണ കുടിവെള്ള വിതരണം, കുടിനീർ സ്രോതസ്സ് സംരക്ഷണ പരിപാലനം ജലവിതരണ സംവിധാനത്തിലെ അറ്റകുറ്റപണികൾ എന്നിവയുടെ ചുമതല.

**8. ഊർജ്ജ വിതരണം**

തെരുവുവിളക്കുകളുടെ സ്ഥാപനവും പരിപാലനവും, ബദൽ ഊർജ്ജസ്രോതസ്സുകളുടെ വികസനം, വിനിയോഗം എന്നിവയ്ക്കായുള്ള ചുമതല.

**9. വിദ്യാഭ്യാസം**

സർക്കാർ പ്രീപ്രൈമറി പ്രൈമറി സ്ക്കൂളുകളുടെ നടത്തിപ്പ്, സാക്ഷരതാ പരിപാടി, ഗ്രന്ഥശാലകൾ, വായനാശാലകൾ എന്നിവയുടെ നടത്തിപ്പ്, വിദ്യാഭ്യാസ ഗുണനിലവാര വർദ്ധന

**10. മരാമത്ത്**

ഗ്രാമീണ നിരത്തുകളുടെ നിർമ്മാണം, പരിപാലനം, പഞ്ചായത്ത് സ്ഥാപനങ്ങളുടെ നിർമ്മാണ നിർവ്വഹണം എന്നീ ചുമതലകൾ.

**11. ജലസേചനം**

ഗ്രാമീണ ചെറുകിട ജലസ്രോതസ്സുകളുടെ സംരക്ഷണം, ജലസേചന പദ്ധതി പരിപാലനം, ചെറു നീർത്തട പരിപാലനവും വികസനവും, ജലസംരക്ഷണ പരിപാടികൾ, മലിന ജല സംവിധാനം എന്നിവയുടെ നടത്തിപ്പ്.

**12. ആരോഗ്യം ശുചിത്വം**

എല്ലാ വിഭാഗം ചികിത്സാ രംഗങ്ങളിലേയും പ്രാഥമിക ആരോഗ്യ സ്ഥാപനങ്ങൾ, മാത പരിപാലന കേന്ദ്രങ്ങൾ, രോഗപ്രതിരോധ പുനരധിവാസ നടപടികൾ, കുടുംബക്ഷേമ പ്രവർത്തനങ്ങൾ, ശുചിത്വ പരിപാലനം എന്നിവയുടെ ചുമതല.

**13. സാമൂഹ്യക്ഷേമം**

കുട്ടികൾ, അഗതികൾ, വിധവകൾ, കായികമായി വെല്ലുവിളിയും ദൗർബല്യവും നേരിടുന്നവർ, വൃദ്ധർ, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർ, ദാരിദ്ര പീഡിത വിഭാഗങ്ങൾ എന്നിവർക്കുള്ള ക്ഷേമകാര്യ നടപടികൾക്കുള്ള ചുമതല,

**14. ദാരിദ്ര്യ ദുരീകരണം**

ദാരിദ്ര്യ നിർണ്ണയം, ദരിദ്രരെ കണ്ടെത്തൽ, പരമദരിദ്രർ, സ്ത്രീകൾ തുടങ്ങിയവർക്ക് സുസിത ക്ഷേമ വികസന പരിപാടികൾ ഏർപ്പെടുത്തുക തുടങ്ങിയ ചുമതലകൾ.

**15. പ്രത്യേക വികസന പ്രവർത്തനം**

ദളിത് പിന്നോക്ക വിഭാഗങ്ങൾക്കായുള്ള വികസന നടപടികൾ, വിദ്യാഭ്യാസം, ക്ഷമ നടപടികൾ, പ്രത്യേക പരിരക്ഷാനടപടികൾ മുതലായവയ്ക്കുള്ള ചുമതല.

**6. കായികസാംസ്ക്കാരിക മേഖല**

സാംസ്ക്കാരിക പരിപോഷണം, കായിക കലാ പോഷണം എന്നിവയ്ക്കുള്ള ചുമതല.

**17. പൊതുവിതരണം**

അളവു തൂക്ക കുറ്റങ്ങളുടെ നിയന്ത്രണം, പൊതുവിതരണ ക്രമം പരിശോധനയും പരാതിപരിഹാരവും. റേഷൻകട, നീതിസ്റ്റോർ, മാവേലിസ്റ്റോർ തുടങ്ങിയവയുടെ മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും, പുതിയ പൊതുവിതരണ കേന്ദ്രം തുറക്കൽ എന്നീ ചുമതലകൾ

**18. പ്രകൃതിക്ഷോഭ/ ദുരിതാശ്വാസം**

നഷ്ടപരിഹാരം, പുനർനിർമ്മാണം മുതലായ കൃത്യങ്ങൾ

**19. സഹകരണം**

പരസ്പര സഹായ സംഘങ്ങളുടെ സംഘാടനവും ശാക്തീകരണവും

**20. നിയമസമാധാന പാലനം**

പോലിസിന്റെ സേവനം അനിവാര്യമായ സന്ദർഭങ്ങളിൽ രേഖാമൂലം ആവശ്യപ്പെട്ട് നിയമസമാധാന പരിപാലന സാധ്യത ഉറപ്പാക്കാനുള്ള ചുമതല.

**21. വിവാഹ രജിസ്ട്രേഷൻ**

ഹിന്ദു വിവാഹ നിയമപ്രകാരമുള്ള വിവാഹങ്ങളുടെ രജിസ്ട്രേഷനും ഇതര നിയമങ്ങൾ അനുശാസിക്കുന്ന പക്ഷം പ്രസ്തുത വിവാഹങ്ങളുടെ രജിസ്ട്രേഷനും നടത്തുക, വിവാഹ സർട്ടിഫിക്കറ്റ് നൽകുക.

**22. ഭൂവിനിയോഗം**

ഭൂവിനിയോഗ വ്യതിയാനം നിയന്ത്രിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

**23. വനിതാക്ഷേമം**

ജാഗ്രത സമിതികൾക്ക് രൂപം നൽകി പ്രവർത്തനക്ഷമമാക്കുക.

# തനത് ചുമതലകൾ

(അദ്ധ്യായം 19 കേരള പഞ്ചായത്ത് രാജ് നിയമം 1994,1999)

1. നിശ്ചിത നിരക്കിൽ നികുതി നിരക്കുകൾ, സർചാർജ്ജുകൾ എന്നിവ ഏർപ്പെടുത്തുന്നതിനും പിരിച്ചെടുക്കുന്നതിനും നികുതി ഒടുക്കാൻ സൗകര്യപ്പെടുത്താനുമുള്ള ചുമതല.
2. പൊതു സ്ഥലങ്ങൾ, പൊതുവഴികൾ, പൊതു നീർചാലുകൾ മുതലായവയിലുള്ള അനധികൃത കയ്യേറ്റം നിയമവിരുദ്ധ നിർമ്മിതികൾ, തടസ്സങ്ങൾ, ശല്യങ്ങൾ മുതലായവ ഒഴിപ്പിക്കുന്നതിനും നിരോധിക്കുന്നതിനുമുള്ള ചുമതല.
3. പൊതു മാർക്കറ്റുകൾ, വണ്ടിത്താവളങ്ങൾ, ഇറക്കുസ്ഥലങ്ങൾ, കടത്തുകൾ, കന്നുകാലി ക്കളങ്ങൾ തുടങ്ങിയവ സ്ഥാപിക്കാനും പരിപാലിക്കാനും ഇക്കാര്യങ്ങളിൽ സ്വകാര്യ സംരംഭങ്ങൾക്ക് അനുമതി നൽകാനുമുള്ള ചുമതല.
4. പൊതുകശാപ്പു ശാലകൾ സ്ഥാപിച്ച് നടത്താനും, സ്വകാര്യ കശാപ്പുശാലകൾക്ക് അനുമതി നൽകാനും നിയന്ത്രിക്കാനുമുള്ള ചുമതല.
5. വ്യാപാര വ്യവസായ സംരംഭങ്ങൾക്ക് അനുമതി നൽകൽ
6. പഞ്ചായത്തിന്റെ തനതോ, കൈമാറ്റം ചെയ്യപ്പെട്ടതോ ആയ സ്ഥാവര ജംഗമ സ്വത്തുവകകൾ സംരക്ഷിച്ച് പരിപാലിക്കാനും, മെച്ചപ്പെടുത്താനും, അവ അന്യാധീനപ്പെടുവാനോ നശിച്ചുപോകാനോ ഇടയാക്കാതെ യിരിക്കുവാനുള്ള ചുമതല.
7. ജീവനക്കാർക്കും സ്ഥാപനങ്ങൾക്കും മേലുള്ള നിയന്ത്രണ നിർവ്വഹണ ചുമതല.
8. രജിസ്റ്ററുകൾ, റക്കോഡുകൾ, നോട്ടീസുകൾ, എന്നിവ സൂക്ഷിക്കാനും പരസ്യപെടുത്താനു മുള്ള ചുമതല.
9. കണക്കുകൾ, ഓഡിറ്റ് റിപ്പോർട്ട് മുതലായവ സമയ ബന്ധിതമാക്കി നിലനിർത്താനുള്ള ചുമതല.
10. വികസന പദ്ധതി രൂപീകരണ നിർവ്വഹണ ചുമതല.
11. ഗ്രാമസഭ യാഥാർത്ഥ്യവും ഫലപ്രദവും ആക്കാനുള്ള ചുമതല
12. ഭരണസുതാര്യത, അറിയാനുള്ള അവകാശം, പൗരാവകാശം എന്നിവ പാലിക്കാനുള്ള ചുമതല.
13. പെർഫോർമെൻസ് ഓഡിറ്റ് ശുപാർശകൾ അനുസരിച്ച് തെറ്റുതിരുത്തലിനും നഷ്ടോത്തരവാദിത്വം ഈടാക്കാനുമുള്ള ചുമതല.

14. പ്രാദേശിക സർക്കാരുകളായി ഫെഡറൽ ഭരണഘടന അനുസരിച്ച് പ്രവർത്തിക്കാനുള്ള ചുമതല.
15. നിയമം അനുശാസിക്കുന്നതും കാലാകാലം ചട്ടപ്രകാരം നിയോഗിക്കപ്പെടുന്നതുമായ വിവിധ കമ്മറ്റികൾ രൂപീകരിക്കുകയും അധികാര വികേന്ദ്രീകരണം ഫലപ്രദമാക്കുകയും ചെയ്യുക.
16. തദ്ദേശഭരണ ട്രിബ്യൂണൽ, ഓംബുഡ്സ്മാൻ എന്നിവയുടെ നീതിന്യായ ഉത്തരവുകൾക്ക് പ്രാബല്യം നൽകാനുള്ള ചുമതല.

## ഗ്രാമസഭകളുടെ അധികാരങ്ങളും ചുമതലകളും

73-ാം ഭരണഘടനാ ഭേദഗതി നിയമം അനുസരിച്ച് ഇന്ത്യൻ ജനാധിപത്യ സംവിധാനത്തിന്റെ അടിസ്ഥാന ഘടകമാണ് ഗ്രാമസഭ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമസഭഎന്നത് ഒരു വാർഡ് പ്രദേശത്തെ മുഴുവൻ വോട്ടർമാരുടെയും ജനറൽബോഡിയാണ്. ഈ സഭകൾ കേവലം ഗുണഭോക്തൃ തെരഞ്ഞെടുപ്പിൻ്റെ വേദികൾ എന്നതിലുപരി സാമൂഹ്യമായ ഉത്തരവാദിത്വങ്ങളും കടമകളും അധികാരങ്ങളും ഉള്ള സാമൂഹ്യകൂട്ടായ്മയുടെ വേദികളാ ണെന്ന് പഞ്ചായത്ത് രാജ് നിയമം വ്യക്തമാക്കുന്നു. പങ്കാളിത്ത ജനാധിപത്യത്തിന്റെ ഭരണഘടനാപരവും നിയമപരവുമായ പ്രത്യക്ഷവേദികൾ എന്ന നിലയിൽ ഗ്രാമസഭകൾ നിർവ്വഹിക്കേണ്ട ഉത്തരവാദിത്വങ്ങളും ഗ്രാമസഭയുടെ അധികാരങ്ങളും താഴെ നൽകുന്നു.

## ഗ്രാമസഭയുടെ അധികാരങ്ങൾ

1 പഞ്ചായത്തിന്റെ വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായിക്കുക.

2. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടെയും വികസന പരിപാടി കളുടെയും നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദ്ദേശിക്കുകയും ചെയ്യുക.

3. ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികളെ സംബന്ധിച്ച്, നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച്, മുൻഗണനാ ക്രമത്തിൽ,

അർഹമായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക.

4. പ്രാദേശികമായി ആവശ്യമായ സൗകര്യങ്ങൾ നൽകികൊണ്ട് വികസന പദ്ധതികൾ ഫല പ്രദമായും നടപ്പിലാക്കുന്നതിന് സഹായങ്ങൾ ചെയ്തുകൊടുക്കുക.

5. വികസന പദ്ധതികൾക്ക് ആവശ്യമായ സന്നദ്ധസേവനവും, പണമായോ സാധനമായോ ഉള്ള സഹായങ്ങളും സമാഹരിക്കുകയും ലഭ്യമാക്കുകയും ചെയ്യുക.

6. തെരുവ് വിളക്കുകൾ, തെരുവിലേയോ അല്ലെങ്കിൽ പൊതുവായതോ ആയ വാട്ടർ ടാപ്പുകൾ, പൊതു കിണറുകൾ പൊതു സാനിറ്റേഷൻ യൂണിറ്റുകൾ ജലസേചന സൗകര്യങ്ങൾ, മറ്റ് പൊതു ആവശ്യ പദ്ധതികൾ ഇവ എവിടെ സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുക.

7. ശുചിത്വം, പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം തുടങ്ങി പൊതു താൽപര്യ മുള്ള സംഗതികളെ സംബന്ധിച്ച് അറിവ് പകരുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുകയും അഴിമതി, വ്യാജവും, കൃത്രിമവുമായ ഇടപാടുകൾ തുടങ്ങിയ സാമൂഹിക തിന്മകൾ ക്കെതിരെ സംരക്ഷണം നൽകുകയും ചെയ്യുക.

8. ഗ്രാമസഭയുടെ പ്രദേശത്ത് വിവിധവിഭാഗങ്ങളിൽപ്പെട്ട ആളുകൾക്കിടയിൽ സൗഹാർദവും ഐക്യവും വളർത്തുകയും ആ പ്രദേശത്തെ ആളുകളിൽ സദ്മനോഭാവം വളർത്തുന്നതി നായി സാംസ്കാരിക കാലാകായിക മേളകൾ സംഘടിപ്പിക്കുകയും ചെയ്യുക.

9. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃ കമ്മറ്റികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യുക.

10. സർക്കാരിൽ നിന്ന് ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നിവ പോലുള്ള വിവിധ തരം ക്ഷേമ സഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കുകയും ഗുണഭോക്തൃ പട്ടിക തയ്യാറാക്കുകയും ചെയ്യുക.

11. ഗ്രാമസഭയുടെ പ്രദേശത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റുകളുടെ വിവരങ്ങൾ ശേഖരിക്കുക.

12. അടുത്ത മൂന്ന് മാസങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അനുഷ്ഠിക്കേണ്ട സേവനങ്ങളും ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളും സംബന്ധിച്ച വിവരം ലഭ്യമാക്കുക.

13. ഗ്രാമസഭയുടെ പ്രദേശത്തെ സംബന്ധിച്ച് പഞ്ചായത്ത് എടുത്തിട്ടുള്ള ഓരോ തീരുമാനത്തിന്റെറയും യുക്തി അറിയുക.

14. ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർനടപടികളെ കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പിലാക്കിയിട്ടില്ലാ എങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെ കുറിച്ചും അറിയുക.

15. ശുചീകരണ പ്രക്രിയകളിൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുമായി സഹകരിക്കുകയും ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിന് സന്നദ്ധസേവനം നൽകുകയും ചെയ്യുക.

16. ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജല വിതരണം, തെരുവുവിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

17. ഗ്രാമസഭയുടെ പ്രദേശത്ത് സ്കൂളുകളിലെ അധ്യാപക രക്ഷാകർത്താ സംഘടനകളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുക.

18. ഗ്രാമസഭയിലെ പ്രദേശത്തെ പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച്, രോഗ പ്രതിരോധത്തിലും കുടുംബക്ഷേമ പ്രവർത്തനങ്ങളിലും സഹായിക്കുക.

19. ഗ്രാമസഭയിലെ പരിഗണനയ്ക്ക് വരുന്ന ആഡിറ്റ് റിപ്പോർട്ടിനെ കുറിച്ചോ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ടിനെ കുറിച്ചോ യോഗത്തിൽ ചർച്ച നടത്തി അതിൻ്റെ അഭിപ്രായങ്ങളിൽ ശുപാർശകളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കുക.

20. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തുകയും ചെയ്ത ശേഷം ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നൽകുന്ന അതതു ഗ്രാമസഭ പ്രദേശത്തുള്ള അപേക്ഷകരുടെ കരട് മുൻഗണനാ ലിസ്റ്റ് അപേക്ഷകരെയും കൂടി ക്ഷണിച്ചുകൊണ്ടുള്ള യോഗത്തിൽ വെച്ച് ഗ്രാമസഭ സൂക്ഷ്മ പരിശോധന നടത്തി, മുൻഗണനാ ക്രമത്തിൽ, അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിൽ അയക്കുക.

## ഗ്രാമസഭയുടെ ഉത്തരവാദിത്വങ്ങൾ

- ✓ വികസനവും ക്ഷേമവും സംബന്ധിച്ച പ്രവർത്തനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ പ്രചരിപ്പിക്കുക.
- ✓ ആരോഗ്യവും സാക്ഷരതയും സംബന്ധിച്ചതും അതുപോലുള്ള വികസനപരമായ മറ്റ് സമയ ബന്ധിത പരിപാടികളിൽ പങ്കെടുക്കുകയും അതിനായി പ്രചാരണം നടത്തുകയും ചെയ്യുക.
- ✓ അവശ്യ സാമൂഹിക സാമ്പത്തിക അടിസ്ഥാന രേഖകൾ ശേഖരിക്കുക.
- ✓ വികസന പ്രവർത്തനങ്ങളുടെ പുരോഗതിയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുക.
- ✓ നികുതികൾ നൽകുന്നതിനും, വായ്പാതിരിച്ചടയ്ക്കുന്നതിനും പരിസ്ഥിതി ശുചീകരണം മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിൽ ഐക്യം നിലനിർത്തുന്നതിനുമായി ധാർമ്മികമായ മാർഗ്ഗങ്ങൾ അവലംബിക്കുക.
- ✓ പഞ്ചായത്തിന്റെ ധനാഗമന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പ്രാദേശികമായി വിഭവ സമാഹരണം നടത്തുക.
- ✓ സന്നദ്ധസംഘടനകളെന്ന നിലയിൽ നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക.
- ✓ സാംക്രമിക രോഗങ്ങൾ, പ്രകൃതിക്ഷോഭ ദുരന്തങ്ങൾ മുതലായവ ഉണ്ടായാൽ പെട്ടെന്ന് വിവരങ്ങൾ നൽകുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.

## പൗരധർമ്മവും ഉത്തരവാദിത്തവും

ഭരണവ്യവസ്ഥയിലെ പങ്കാളി എന്ന നിലയ്ക്ക് പൗരന്മാർക്ക് അവകാശങ്ങൾ ഉണ്ട്. അവ നിശ്ചിതവും കൃത്യവും ആയി ലഭിക്കും എന്ന് ഉറപ്പാക്കേണ്ടതുണ്ട്. അതിന് വിരുദ്ധമായ പ്രവർത്തനങ്ങൾ തടയുകയും ഉത്തരവാദിത്തപൂർണ്ണമായ പൗരാവകാശ പാലനം നടപ്പാക്കുകയും ചെയ്യണം.

എന്നാൽ സമൂഹത്തോടും രാഷ്ട്രത്തോടും ചില കടമകളും ഉത്തരവാദിത്തങ്ങളും നിറവേറ്റാൻ പൗരന്മാർക്ക് ചുമതലയുണ്ട്. പൗരധർമ്മങ്ങൾ എന്ന് ഇതിനെ ചുരുക്കത്തിൽ പറയാം. സ്വയമേവ ഇവ പാലിക്കുകയാണ് ഉത്തമ പൗരന്റെ കടമ.

## ഇന്ത്യൻ ഭരണഘടന അനുഛേദം 51 എ (1976)

- ഭരണഘടന, രാഷ്ട്രത്തിൻ്റെ അടിസ്ഥാനമൂല്യങ്ങൾ ഇവയോട് ആദരവും അനുസരണയും പ്രകടമാക്കുക, അനാദരവും ലംഘനവും നടത്താതിരിക്കുക. ദേശീയ സ്വാതന്ത്ര്യ പോരാട്ടത്തിന്റെ മൂല്യങ്ങൾ പരിപോഷിപ്പിക്കുക.
- പൊതുമുതലുകൾ സംരക്ഷിക്കുകയും പരിപാലിക്കുകയും നശിപ്പിക്കാതിരിക്കുകയും ചെയ്യുക.
- ചരിത്ര സാംസ്കാരിക സമ്പത്തുകൾ പരിപാലിക്കുക.
- പ്രകൃതി സമ്പത്ത്, വനം വന്യജീവികൾ, പരിസ്ഥിതി സംതുലിതാവസ്ഥ എന്നിവ പരിരക്ഷിക്കുകയും നഷ്ടപ്പെടാതെ സൂക്ഷിക്കുകയും ചെയ്യുക.
- സ്ത്രീ പദവിയും അന്തസ്സും സംരക്ഷിക്കുകയും ഉയർത്തുകയും സ്ത്രീ വിരുദ്ധ നടപടികളെ ചെറുക്കുകയും നഷ്ടപ്പെടാതെ സൂക്ഷിക്കുകയും ചെയ്യുക.
- അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ചെറുക്കുകയും ശാസ്ത്രാഭിരുചിയും ശാസ്ത്രാവബോധവും മാനവികതയും വളർത്തുകയും വ്യക്തിഗതവും സാമൂഹ്യവുമായ അനവദ്ധ്യതയിലേക്ക് ഉയരുകയും ചെയ്യുക.
- രാഷ്ട്രത്തിന്റെ പരമാധികാരം, ഐക്യം, അഖണ്ഡത എന്നിവ ഉയർത്തിപ്പിടിക്കുകയും മതസമുദായ സഹൃദവും പരസ്പര സാഹോദര്യവും വളർത്തുകയും, അനിവാര്യ ഘട്ടത്തിൽ രാഷ്ട്ര സേവനത്തിന് സന്നദ്ധരാക്കുകയും ചെയ്യുക.

## പഞ്ചായത്ത് രാജ് നിയമം (1994, 1999)

1994ലെ പഞ്ചായത്ത് രാജ് നിയമം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്റെ പൗരയുടെ കടമകളും ഉത്തരവാദിത്വങ്ങളും നിർവ്വചിച്ചിട്ടുണ്ട്. ഒരു പഞ്ചായത്തിലെ പൗരർ എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന ഓരോ വ്യക്തിയും താഴെപറയുന്ന ചുമതലകൾ നിർവ്വഹിക്കാൻ ബാദ്ധ്യസ്ഥരാണ്.

- ഗ്രാമസഭയിൽ പങ്കെടുക്കുക, തദ്ദേശഭരണ പ്രക്രിയയിൽ നേരിട്ട് പങ്ക് വഹിക്കുക, അതിലൂടെ ക്രിയാത്മക ജനാധിപത്യം സാർത്ഥകമാക്കുക.

- നികുതി വെട്ടിപ്പ് തടയുകയും കൃത്യമായ നികുതി നിരക്കുകൾ ഒടുക്കി തദ്ദേശഭരണ സ്ഥാപനത്തിന്റെ തനത് വരുമാനം ഉറപ്പാക്കുകയും ചെയ്യുക. നികുതി നൽകുന്നതിൽ കൃത്രിമമോ ഒഴിവുകഴിവൊ ഒഴിവാക്കുക.
- വികസന പ്രവർത്തനത്തിൽ പഞ്ചായത്തിനെ സഹായിക്കുക. വ്യക്തിഗതവും ഭൗതികവും സാമ്പത്തികവുമായ വിഭവ സമാഹരണത്തിനും അദ്ധ്വാനത്തിനും സഹായിക്കുക.
- ആസൂത്രണ നിർവ്വഹണ വിലയിരുത്തലിൽ സ്വയം പങ്കാളികളാകുക.
- പൊതുശല്യം, പൊതുജീവിതത്തിന് വിഘാതം, പൊതുസ്ഥലത്ത് മാലിന്യ നിക്ഷേപം മുതലായവയ്ക്ക് ഇടയാക്കാതിരിക്കുകയും അവയ്ക്കെതിരെ ജാഗ്രത പാലിക്കുകയും ചെയ്യുക.
- ശുചിത്വം, രോഗപ്രതിരോധം, പോഷകാഹാരവിതരണം, സാക്ഷരത, നിയമബോധനം, തർക്കപരിഹാര പ്രക്രിയ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ പഞ്ചായത്തിനോട് സഹകരിക്കുക.
- സാമൂഹ്യ ഓഡിറ്റ് പ്രക്രിയ സ്വാർത്ഥകമാക്കാൻ സഹായിക്കുക.
- മൗലികവാദത്തിനും വിഭാഗീയതകൾക്കും എതിരെ സാമൂഹ്യ ഐക്യത്തിനും പങ്കാളിത്ത വികസന പ്രക്രിയയ്ക്ക് സഹായകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- അഴിമതി, ദുർഭരണം എന്നിവയ്ക്കെതിരെ നിയമപ്രകാരമുള്ള ജാഗ്രത പാലിക്കുക. തദ്ദേശഭരണം ജനാധിപത്യപരമായി പുലരാനുള്ള സാധ്യതകൾ ഉറപ്പാക്കുക.
- പ്രകൃതി വിഭവങ്ങൾ, പൊതുഗതാഗത സംവിധാനം, മലിനജല നിർഗമന സംവിധാനം, ഊർജ്ജ വിതരണ സംവിധാനം പൊതുശുചിത്വ സംവിധാനം മുതലായവ പരിപാലിക്കുന്ന തിൽ സഹകരിക്കുകയും ദുരുപയോഗവും ചൂഷണവും നടത്താതിരിക്കുകയും ചെയ്യുക.
- മിതവ്യയ ശീലം പ്രചരിപ്പിക്കുകയും പാലിക്കുകയും ആഡംബരവും അതിഭോഗവും ഒഴിവാക്കുകയും ചെയ്യുക.
- സ്വാശ്രയ പ്രവർത്തനം സംഘാടനവും പങ്കാളിത്തവും ഉറപ്പാക്കുക.
- മദ്യപാനം, മയക്കുമരുന്ന്, സ്ത്രീധനം, സ്ത്രീപീഡനം, ബാലാദ്ധ്വാനം, പിന്നോക്കവിഭാഗക്കാർക്ക് എതിരായ പ്രവർത്തനം മുതലായ സാമൂഹ്യ തിന്മകൾക്കെതിരെ അണിനിരക്കുക.
- പരിസ്ഥിതി ബോധവൽക്കരണത്തിൽ പങ്കാളികളാവുക, പരിസ്ഥിതി സന്തുലനം ഉറപ്പാക്കുക.

- സ്ഥിതി വിവരകണക്കുകളുടെ കൃത്യമായ ശേഖരണം, സമാഹരണം, ക്രോഡീകരണം എന്നിവയിൽ സഹകരിക്കുക. തെറ്റായ വിവരങ്ങൾ നൽകാതിരിക്കുകയും നൽകുന്നതിന് ചെറുക്കുകയും ചെയ്യുക.
- പ്രകൃതി ദുരന്ത ബാധിതരെ സംരക്ഷിക്കുവാൻ സഹായിക്കുക.
- സഹകരണ സമ്പാദ്യ ശീലങ്ങൾ വളർത്തുക.
- വികസന ആവശ്യത്തിന് ഭൂമി വിട്ട് കൊടുക്കുകയും പൊതുഭൂമി അനധികൃതമായി കൈവശപ്പെടുത്താതിരിക്കുകയും ചെയ്യുക.
- അയൽക്കൂട്ടം, സ്വയംസഹായ പരസ്പരസഹായസംഘങ്ങൾ സംഘടിപ്പിക്കുക
- ഈ പൊതുസ്ഥലത്ത് നിരത്തുകളിൽ തുപ്പുക, മലമൂത്രവിസർജ്ജനം നടത്തുക, മദ്യപിക്കുക, പുകവലിക്കുക തുടങ്ങിയ സമൂഹവിരുദ്ധ പെരുമാറ്റങ്ങൾ ഒഴിവാക്കുക.
- മൃഗങ്ങളെ പൊതുസ്ഥലത്ത് വെച്ച് പരസ്യമായി കശാപ്പ് ചെയ്യാതിരിക്കുക. മാംസം, മാംസാവശിഷ്ടങ്ങൾ എന്നിവ തുറസ്സായി വച്ചും അറപ്പുളവാക്കുന്ന രീതിയിൽ പ്രദർശിപ്പിച്ചും വിൽപ്പന നടത്താതിരിക്കുക.
- ഓമന മൃഗങ്ങൾ, വളർത്തു മൃഗങ്ങൾ, പക്ഷികൾ എന്നിവയ്ക്ക് കൃത്യവും അനിവാര്യവുമായ കുത്തിവെയ്പുകൾ എടുപ്പിക്കുകയും ലൈസൻസ് എടുക്കുകയും ചെയ്യുക.
- നിയമം ചട്ട വ്യവസ്ഥകൾ പാലിക്കുകയും, ലംഘിക്കാതിരിക്കുകയും, ലംഘിക്കുന്നതിന് പ്രേരണയോ സഹായമോ നൽകാതിരിക്കുകയോ ചെയ്യുക.
- സ്ത്രീ പുരുഷ തുല്യതയും നീതിയും പരിപാലിക്കുക, അതിനുതക്ക പ്രവർത്തനങ്ങളിൽ പങ്കാളികളാവുക. ഇത്തരം പൗരധർമ്മങ്ങളെ പറ്റി ബോധവൽക്കരണം ഉറപ്പാക്കുക.

# തദ്ദേശഭരണ ഓംബുഡ്സ്മാൻ

ഓംബുഡ്സ്മാൻ എന്നത് കാര്യനിർവ്വഹണ വിഭാഗത്തിലെ സ്വതന്ത്രവും നിഷ്പക്ഷവും അർദ്ധനീതിന്യായ പരാതി പരിശോധന പരിഹാര സംവിധാനമാണ്. കേരളപഞ്ചായത്ത് രാജ് നിയമം അദ്ധ്യായത്തിലെ 25 ബിയിലെ 271 എഫ് മുതൽ 271 ആർ വരെ വകുപ്പുകളിലായി ഓംബുഡ്സുമാന്റെ ഘടന, പദവി, പ്രവർത്തനം എന്നിവ വ്യവസ്ഥ ചെയ്യുന്നു. ഇതിന് പൂരകമായ ചട്ടങ്ങളും നിലവിൽ വന്നിട്ടുണ്ട്.

## ലക്ഷ്യം

തദ്ദേശഭരണ സ്ഥാപനങ്ങളുടെയും, ജനപ്രതിനിധികൾ, ഉദരാഗസ്ഥർ, പൊതുസേവകർ, എന്നിവരുടെയും അഴിമതി, ദുർഭരണം, നിയമ ക്രമരാഹിത്യം, എന്നിവ ഉൾപ്പെടെ ഉന്നയിക്കപ്പെടുന്ന ഏത് നടപടിയിലും ആരോപണമോ ആക്ഷേപമോ പരാതിയോ ഉണ്ടായാൽ അന്വേഷണം നടത്താനും തീർപ്പാക്കാനും പ്രായോഗിക പരിഹാരം നടപ്പാക്കാനും വേണ്ടിയാണ് ഓംബുഡ് സ് മാൻ സ്ഥാപിതമായിട്ടുള്ളത്.

**<u>പൊതുസേവകർ</u>**

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദയോഗസ്ഥർ, ജീവനക്കാർ, പ്രസിഡണ്ട്, ചെയർപേഴ്സൺ, അംഗം, കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ ഉദയോഗസ്ഥരും ജീവനക്കാരും ഉൾപ്പെടെയുള്ളവർ.

**<u>നടപടി</u>**

തദ്ദേശഭരണ സ്ഥാപനത്തെ ഭരണമേൽപ്പിച്ചതോ കൈമാറിയതോ ആയ വിഷയങ്ങളിലുള്ള തീരുമാനമോ, പ്രമേയമോ, നിഗമനമോ ആയ ചുമതലാ നിർവ്വഹണ കൃത്യം, കൃത്യവിലോപം, ഉപേക്ഷാ പൂർവ്വമായ വീഴ്ച, എന്നിവയോ പ്രവർത്തന രാഹിത്വമോ ഉൾപ്പെടെയുള്ള.

**<u>ആരോപണം</u>**

- ✓ ഈ പൊതുസേവകർ തനിക്കൊ മറ്റൊരാൾക്കൊ നേട്ടമോ ആനുകുല്യമോ ലഭിക്കാൻ വേറെ ഒരാൾക്ക് അനാവശ്യ ഉപദ്രവമോ നഷ്ടമോ ഇടയാക്കും വിധം തന്റെ സ്ഥാപനമോ അധികാരമോ ഉപയോഗിക്കുക.
- ✓ വ്യക്തിപരമായ ദുരുപാദിഷ്ടമോ സ്വാർത്ഥപരമോ ആയ ലക്ഷ്യത്തോടെ ചുമതല നിർവ്വഹിക്കുക. അഴിമതി, സ്വജന പക്ഷപാതം, വഞ്ചന, അസത്യ പ്രസ്താവം എന്നിവ ചെയ്യുക.
- ✓ തദ്ദേശഭരണ സ്ഥാപനത്തിൻ്റെ സ്വത്തോ ധനമോ തൻ്റെ നടപടി ദുഷ്യമോ ഉപേക്ഷയോ വീഴ്ചയോ ദുർവിനിയോഗമോ മൂലം നഷ്ടം വരുത്തുക.
- ✓ തദ്ദേശ ഭരണ സ്ഥാപനം നിയമാനുസൃതം നിക്ഷിപ്ത കർത്തവ്യങ്ങൾ നിറവേറ്റാതിരി ക്കുക, ചട്ടവിരുദ്ധമായി പ്രവർത്തിക്കുക, നിർവ്വഹണത്തിൽ വീഴ്ചയോ കൃത്യ വിലോപമോ സംഭവിക്കുക, അമിതാധികാരമോ അധികാര ദുർവ്വിനിയോഗമോ ചെയ്യുക
- ✓ യുക്തിരഹിതവും അന്യായവും ദുസ്സഹവും പക്ഷപാതപരവും അവിഹിതവും ആയ നേട്ടമോ നഷ്ടമോ സൃഷ്ടിക്കും വിധമോ അർഹമായ ആനുകൂല്യം തടയാനോ അനർഹ ആനുകൂല്യം ലഭിക്കാനോ വേണ്ടിയുള്ള നടപടി.
- ✓ ഈ തീരുമാനം എടുക്കുന്നതിലും നടപ്പാക്കുന്നതിലും മനപൂർവ്വമായ വീഴ്ചയോ ഉപേക്ഷയോ അമിത കാലതാമസമോ ക്രമരാഹിത്യമോ സംഭവിക്കുക.
- ✓ പാഴ്ചെലവിനും നഷ്ടത്തിനും ദുരുപയോഗത്തിനും ഇടയാക്കുക എന്നിവയെല്ലാം ദുർഭരണം എന്നതിൽപെടും.

**<u>പരാതി-</u>** തദ്ദേശഭരണ സ്ഥാപനമോ ഉദയോഗസ്ഥനോ പൊതുസേവകനോ ദുർഭരണമോ അഴിമതിയോ ക്രമവിരുദ്ധ പ്രവർത്തനമോ നടത്തി എന്ന ആരോപിക്കുന്ന രേഖാമൂലമായ ആക്ഷേപം.

**<u>പരാതിക്കാരൻ</u>**- സാധാരണ പൗരൻ, ഉദരാഗസ്ഥൻ, രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകൻ, എന്നിവരിൽ ആർക്കും പരാതി ഉന്നയിക്കാം.

**<u>സ്വമേധയാ പരാതി പരിഗണിക്കുക</u>** - മാധ്യമങ്ങളിലൂടെയോ നേരിട്ടോ ലഭിക്കുന്ന വിവരം അടിസ്ഥാനമാക്കി ഓംബുഡ്സ്മാന് സ്വമേധയാ അന്വേഷണ നടപടി ആരംഭിക്കാം.

**<u>അന്വേഷണ ഉദ്യോഗസ്ഥൻ</u>** - ഡി.ഐ.ജി പദവിയിലുള്ള പോലീസ് ഉദ്യാഗസ്ഥന്റെ ചുമതലയിൽ സംസ്ഥാനത്ത് നിലവിലുള്ള ഏത് അന്വേഷണ സംവിധാനത്തിൻ്റെ സേവനവും ഓംബുഡ്സ്മാന് വിനിയോഗിക്കാം. പ്രത്യേക വിഷയങ്ങളിൽ വിദഗ്ദരായവരുടെ സേവനവും ഓംബുഡ്സ്മാന് ആവശ്യാനുസരണം വിനിയോഗിക്കാം.

**<u>ഫീസ്</u>-** 10 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചുവേണം ഓംബുഡ്സ്മാന് മുമ്പാകെ പരാതികൾ സമർപ്പിക്കുന്നത്.

**<u>ചുമതലകൾ</u>**

- പരാതിയിന്മേലോ സ്വമേധയാ ആരംഭിച്ച നടപടിയിലോ സർക്കാർ നിയോഗിച്ച വിഷയത്തിലോ സൂക്ഷ്മാന്വേഷണം നടത്തുക.
- തദ്ദേശഭരണ സ്ഥാപനം, ഉദയോഗസ്ഥർ, പൊതുസേവകർ ഇവരുടെ അഴിമതി, ദുർഭരണം, ക്രമരാഹിത്യം എന്നിവ സംബന്ധിച്ചുള്ള ആരോപണങ്ങളിൽ യുക്തമായ അന്വേഷണം നടത്തുക.
- പരാതിയോ ആരോപണമോ സ്ഥാപിക്കപെട്ടാൽ വ്യവസ്ഥാപിതമായ പരിഹാര തീർപ്പുകൾ നൽകുക.

**പരിഹാര നടപടികൾ**

- ആരോപിക്കപ്പെട്ട വിഷയം ക്രിമിനൽ നിയമപരിധിയിൽ പെടും എങ്കിൽ യുക്തമായ വിചാരണയ്ക്ക് ഉചിതമായ അധികാര സ്ഥാപനത്തിന് അയച്ചുകൊടുക്കുക.
- പൗരനോ സ്ഥാപനത്തിനോ സംഭവിച്ച നഷ്ടത്തിന് യുക്തമായ നഷ്ടോത്തരവാദിത്തം ഈടാക്കുക.
- തദ്ദേശഭരണ ഫണ്ടിൽ നിന്ന് ദുർത്തോ നഷ്ടമോ ഉണ്ടായാൽ നഷ്ടപരിഹാരം ഈടാക്കുക.
- നിഷ്ക്രിയത്വം, കൃത്യവിലോപം, കാലതാമസം എന്നിവയോ ക്രമക്കേടോ ഉണ്ടായാൽ യുക്തമായ പരിഹാര നിർദ്ദേശം നൽകുക.

- അന്തിമ തീർപ്പിന് സമയം കൂടുതൽ ആവശ്യമെങ്കിൽ സ്വീകാര്യമായ ഇടക്കാല ഉത്തരവ് നൽകുക. അനിവാര്യ ഘട്ടങ്ങളിൽ പിഴ ശിക്ഷ നടപ്പാക്കുക.
- പരാതി നിലനിൽക്കത്തക്കതല്ലെന്നു കണ്ടാൽ ചെലവും നഷ്ടപരിഹാരവും തീർപ്പാക്കുക.

**അധികാരങ്ങൾ**

- ആക്ഷേപവും പരാതിയും സ്വീകരിക്കുക.
- ലഭിച്ച പരാതിയിന്മേലോ, സ്വമേധയാ തന്നെയോ അന്വേഷണം നടത്തിക്കുക.
- കക്ഷികളേയോ സാക്ഷികളേയോ വിളിച്ചുവരുത്തുകയോ തെളിവെടുക്കുകയോ ചെയ്യുക.
- രേഖകളോ പ്രമാണങ്ങളോ ഹാജരാക്കാൻ ആവശ്യപ്പെടുകയോ പരിശോധിക്കുകയോ ചെയ്യുക.
- സത്യവാങ്മൂലത്തിന്മേൽ തെളിവ് ശേഖരിക്കുക.
- സ്ഥിതിവിവര ശേഖരണത്തിന് കമ്മീഷനെ നിയോഗിക്കുകയോ പരിശോധന നടത്തിക്കുകയോ ചെയ്യുക
- നിയമാനുസൃതമായ ഇതര ചുമതലകൾ
- പ്രഥമദൃഷ്ട്യാ പരാതിയിൽ കഴമ്പുണ്ടെന്നു തെളിഞ്ഞാൽ വിശദമായ അന്വേഷണം നടത്തിക്കുക.
- വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുക.
- ലളിത നടപടിക്രമത്തിലൂടെയും നേരിട്ടുള്ള വെളിപ്പെടുത്തലുകളിലൂടെയും നിർദ്ദിഷ്ട നടപടി ക്രമങ്ങളെ ആശ്രയിച്ച് തീർപ്പുകൾ എടുക്കുക.
- നഷ്ടപരിഹാരം റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുക.

## തദ്ദേശഭരണ ഓംബുഡ്സ്മാൻ പരാതിപരിഹാര സംവിധാനം

ഓംബുഡ്സ്മാൻ്റെ ആസ്ഥാനം തിരുവനന്തപുരത്താണ്. നിശ്ചിത മാതൃകയിൽ പരാതി തയ്യാറാക്കി രേഖകൾക്കൊപ്പം പരാതിയിൽ എത്ര എതിർകക്ഷികളുണ്ടോ അത്രയും പകർപ്പുസഹിതം ഹാജരാക്കേണ്ടതാണ്.

പരാതിക്കാരൻ മറ്റേതെങ്കിലും രേഖകൾ ഹാജരാക്കാൻ ഉദ്ദേശിക്കുന്നു. എങ്കിൽ അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ നാലു പകർപ്പുകളും എത്ര എതിർ കക്ഷികളുണ്ടോ അത്രയും അധിക പകർപ്പുകളും സമർപ്പിക്കണം.

പത്തു രൂപയുടെ കോർട്ട്ഫീസ് സ്റ്റാമ്പ് സഹിതം ഓരോ പരാതിയും ഓംബുഡ്സ്മാൻ സെക്രട്ടറിയുടെ മുമ്പാകെ നേരിട്ടോ രജിസ്ട്രേഡ് തപാലിലോ സമർപ്പിക്കാവുന്നതാണ്. ന്യൂനതയുള്ള പരാതികൾ യുക്തമായ തിരുത്തുകൾ വരുത്തി, തിരികെ കിട്ടിയ ദിവസം മുതൽ 15 ദിവസത്തിനകം വീണ്ടും സമർപ്പിക്കാവുന്നതാണ്.

നോട്ടീസ് ദിവസം ബന്ധപ്പെട്ട കക്ഷി ഹാജരാകാത്ത പക്ഷം എക്സ് പാർട്ടിയായി നടപടികൾ തീർക്കാവുന്നതാണ്.

കക്ഷികൾ, സാക്ഷികൾ എന്നിവരെ വിളിച്ചുവരുത്താനും, രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടാനും പരിശോധിക്കാനും, സൂക്ഷ്മാന്വേഷണം നടത്താനോ സ്ഥലപരിശോധന നടത്താനോ, ഹർജി പരിഗണനയ്ക്കായി പ്രത്യേക ബഞ്ചുകൾ സ്ഥാപിക്കുന്നതിനോ, പരാതിയിന്മേൽ വാദം കേൾക്കുന്നതിനോ ഓംബുഡ്സ്മാന് അധികാരമുണ്ട്. പുറപ്പെടുവിച്ച ഉത്തരവിലെ തെറ്റുതിരുത്താനുള്ള അധികാരം പഞ്ചായത്തിനുണ്ട്.

ഓംബുഡ്സ്മാന്റെ ഉത്തരവ് നടപ്പാക്കാൻ ബന്ധപ്പെട്ട എല്ലാവരും ബാധ്യസ്ഥരായിരിക്കും. ഉത്തരവിൻ്റെ പകർപ്പ് പരാതിയിലുള്ള ഓരോ കക്ഷികളും പരാതി തീർപ്പാക്കിയ തീയതി മുതൽ ഒരു മാസത്തിനകം ലഭ്യമാക്കണം. അടിയന്തിര സാഹചര്യങ്ങളിൽ അപേക്ഷ സമർപ്പിക്കാൻ ഒരാഴ്ചയ്ക്കകം പകർപ്പ് ലഭ്യമാക്കണം. ഓംബുഡ്സ്മാന്റെ ഉത്തരവിൽ അധികാരസ്ഥന്റ്റെ കയ്യൊപ്പും പകർപ്പിൽ ഓംബുഡ്സ്മാൻ്റെ സെക്രട്ടറിയുടെ കയ്യൊപ്പും മുദ്രയും ഉണ്ടായിരിക്കണം.

# ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന പൗരന്മാർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്ന സേവനങ്ങൾ

1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം(പിന്നീട് വന്ന ഭേദഗതികൾ ഉൾപ്പെടെ) കേരളത്തിലെ പഞ്ചായത്തുകൾക്ക് 17 ഓളം സ്ഥാപനങ്ങളുടെ നിയന്ത്രണാധികാരം കൈമാറിയിട്ടുണ്ട്. കൃഷിഭവൻ, മൃഗാശുപത്രി, പ്രൈമറി സ്കൂളുകൾ, ഐ.സി.ഡി.എസ്, അംഗനവാടി സംവിധാനം, വി.ഇ.ഒ. എഞ്ചിനിയറിംഗ് വിംഗ്, പ്രാഥമികാരോഗ്യ കേന്ദ്രം എന്നീ സ്ഥാപനങ്ങളാണ് ഗ്രാമപഞ്ചായത്തിന്റെ കീഴിൽ കൈമാറിയ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നത്. പഞ്ചായത്തിന് വിപുലമായ ഉദ്യോഗസ്ഥ സ്ഥാപന സംവിധാനങ്ങളുള്ള ഒരു പ്രാദേശിക സർക്കാരായും കൈമാറിയ സ്ഥാപനങ്ങളെ അതിന്റെ ഘടകങ്ങളായുമാണ് പഞ്ചായത്തി രാജ് സംവിധാനം കാണുന്നത്. ജനങ്ങൾക്ക് നേരിട്ട് ഭരണപ്രവർത്തനത്തിൽ ഇടപെടാൻ കഴിയുന്നു. പങ്കാളിത്ത ജനാധിപത്യ സംവിധാനമുള്ള സർക്കാർ ഘടകം എന്ന നിലയിൽ പ്രാദേശിക സർക്കാരിന് കീഴിലുള്ള സ്ഥാപന പ്രവർത്തന ങ്ങൾക്ക് വിലയിരുത്തുന്നതിനുള്ള സംവിധാനങ്ങളും സാധ്യതകളും ഉണ്ട്.

കുമരകം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന സേവനങ്ങളും അവ ലഭ്യമാകുന്നതിന് ഗുണഭോക്താക്കളായ ജനങ്ങൾ സ്വീകരിക്കേണ്ട നടപടി കളുമാണ് താഴെ നൽകുന്നത്. (അതത് സന്ദർഭങ്ങളിൽ നിയമം, ചട്ടങ്ങൾ, ഉത്തരവുകൾ, നയങ്ങൾ എന്നിവയിൽ വരുന്ന വ്യതിയാനത്തിനനുസൃതമായി ഈ വിവരങ്ങൾ പരിഷ്കരിക്കപ്പെടാം. അതുപ്രകാരം സന്ദർഭോചിതമായ മാറ്റത്തിനോ, ഒഴിവാക്കലിനോ, കൂട്ടിച്ചേർക്കലിനോ വിധേയമായിരിക്കും ഈ വ്യവസ്ഥകൾ)

# കുമരകം ഗ്രാമപഞ്ചായത് ഭരണസമിതി

**പ്രസിഡന്റ്**



**എ.പി. ഗോപി**
മെമ്പർ, വാർഡ് 2

**വൈസ് പ്രസിഡന്റ്**



**രമ്യാ ഷിജോ**
മെമ്പർ, വാർഡ് 9

**ചെയർപേഴ്സൺ**
വികസന സ്റ്റാന്റിംഗ് കമ്മറ്റി



**കെ.എസ്. സലിമോൻ**
മെമ്പർ, വാർഡ് 7

**ചെയർപേഴ്സൺ**
ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി



**സലിമ ശിവാത്മജൻ**
മെമ്പർ, വാർഡ് 4

**ചെയർപേഴ്സൺ**
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി



**ആർഷ ബൈജു**
മെമ്പർ, വാർഡ് 16

## ഭരണസമിതി അംഗങ്ങൾ



**സ്മിത ലാലു**
മെമ്പർ, വാർഡ് 1



**സുനിത്ത് വി.കെ.**
മെമ്പർ, വാർഡ് 3



**വിനിത കെ.വി.**
മെമ്പർ, വാർഡ് 5



**സീമ ദിലീപ്**
മെമ്പർ, വാർഡ് 6



**നീതു റെജി**
മെമ്പർ, വാർഡ് 8



**ദിവ്യാ ദാമോദരൻ**
മെമ്പർ, വാർഡ് 10



**പി.കെ. സേതു**
മെമ്പർ, വാർഡ് 11



**കെ.ജി. ബിനു**
മെമ്പർ, വാർഡ് 12



**റ്റിറ്റു ലീയിസ്**
മെമ്പർ, വാർഡ് 13



**ജോഫി ഫെലിക്സ്**
മെമ്പർ, വാർഡ് 14



**പി.ഐ എബ്രഹാം**
മെമ്പർ, വാർഡ് 15



**ബിനു എസ്.**
സെക്രട്ടറി

# ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന പൗരന്മാർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്ന സേവനങ്ങൾ

## പ്രസിഡന്റിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| സേവനം | നിബന്ധനകൾ | സമയ പരിധി |
|---|---|---|
| **ലൈഫ്സർട്ടിഫിക്കറ്റ്** | പെൻഷൻകാർനേരിട്ടോഅടുത്തബന്ധുക്കളെഅധികാരപ്പെടുത്തിയോപെൻഷൻ പേമെന്റ്ഓർഡർസഹിതംപഞ്ചായത്ത്പ്രസിഡൻ്റിന്അപേക്ഷനൽകുക | തൽദിനം |
| **സ്വഭാവസർട്ടിഫിക്കറ്റ്** | വാർഡ്മെമ്പറുടെപരിചയപ്പെടുത്തൽകുറിപ്പ്, ശുപാർശഇവസഹിതംപഞ്ചായത്ത്പ്രസിഡൻ്റിന്അപേക്ഷനൽകുന്നു | തൽദിനം |
| **തൊഴിൽരഹിതനാണെന്നുള്ളസർട്ടിഫിക്കറ്റ്** | വാർഡ്മെമ്പറുടെശുപാർശകത്തോടുകൂടിപഞ്ചായത്ത്പ്രസിഡന്റിന്തിരിച്ചറിയൽകാർഡ്സഹിതംഅപേക്ഷനൽകുക | തൽദിനം |
| **പേരിലോവീട്ട്പേരിലോമാറ്റംവന്നവർക്കുള്ളതിരിച്ചറിയൽ സർട്ടിഫിക്കറ്റ്** | വാർഡ്മെമ്പറുടെശുപാർശ, ബന്ധപ്പെട്ടരേഖകൾഎന്നിവസഹിതംപഞ്ചായത്ത്പ്രസിഡൻ്റിന്അപേക്ഷനൽകുക | തൽദിനം |
| **രജിസ്റ്റർചെയ്യാത്തസാഹചര്യത്തിൽവിവാഹിതനാണെന്ന്സാക്ഷ്യപ്പെടുത്തികൊണ്ടുള്ളസർട്ടിഫിക്കറ്റ്** | വാർഡ്മെമ്പറുടെശുപാർശകത്തോടുകൂടിപഞ്ചായത്ത്പ്രസിഡൻ്റിന്അപേക്ഷനൽകുക | തൽദിനം |
| **രജിസ്റ്റർചെയ്യാത്തകേസിൽമരണംസംബന്ധിച്ചസർട്ടിഫിക്കറ്റ്** | വാർഡ്മെമ്പറുടെശുപാർശകത്തോടുകൂടിപഞ്ചായത്ത്പ്രസിഡന്റിന്അപേക്ഷനൽകുക | തൽദിനം |
| **റേഷൻകാർഡിൽപേര്ഉൾപ്പെടുത്തുന്നതിനുംപുതിയകാർഡിന്അപേക്ഷിക്കുന്നതിനുമുള്ളസാക്ഷ്യപത്രം** | വാർഡ്മെമ്പറുകളുടെശുപാർശ, ബന്ധപ്പെട്ടറേഷൻകാർഡുകൾ, തിരിച്ചറിയൽകാർഡ്എന്നിവസഹിതംപഞ്ചായത്ത്പ്രസിഡന്റിന്അപേക്ഷനൽകുക | തൽദിനം |

| സേവനം | നിബന്ധനകൾ | സമയപരിധി |
|---|---|---|
| **പിൻതുടർച്ചാവകാശസർട്ടിഫിക്കറ്റ്ലഭിച്ചിട്ടില്ലാത്തസാഹചര്യത്തിൽപിൻതുടർച്ചാവകാശംതെളിയിക്കുന്നസർട്ടിഫിക്കറ്റ്** | വാർഡ്മെമ്പറുടെശുപാർശകത്തോടുകൂടിപഞ്ചായത്ത്പ്രസിഡൻ്റിന്അപേക്ഷനൽകുക | തൽ ദിനം |
| **വയസ്തെളിയിക്കുന്നരേഖകളോസർട്ടിഫിക്കറ്റോഇല്ലാത്ത സാഹചര്യത്തിൽപ്രായംസാക്ഷ്യപ്പെടുത്തികൊണ്ടുള്ളസർട്ടിഫിക്കറ്റ്** | വാർഡ്മെമ്പറുടെശുപാർശകത്തോടുകൂടിപഞ്ചായത്ത്പ്രസിഡന്റിന് അപേക്ഷനൽകുക | തൽ ദിനം |
| **സ്റ്റേറ്റുമെൻ്റുകളുംപ്രസ്താവനളുംസത്യബോധ്യപ്പെടുത്തൽ** | പഞ്ചായത്ത്പ്രസിഡൻ്റിനെസമീപിച്ച്പ്രസിഡൻ്റ്മുമ്പാകെഒപ്പി | തൽ ദിനം |
| **ഒപ്പുംപകർപ്പുംസാക്ഷ്യപ്പെടുത്തൽ** | ഒപ്പിന്റെകാര്യത്തിൽപഞ്ചായത്ത്പ്രസിഡൻ്റിൻ്റെമുൻപിൽഒപ്പിടുകയുംപകർപ്പ്സാക്ഷ്യപ്പെടുത്തുന്നതിന്അസൽഹാജരാക്കുകയും ചെയ്യുക | തൽ ദിനം |
| **ഭവനനിർമ്മാണബോർഡിലുംമറ്റുംഹാജരാക്കുന്നതിന്സബ്സിഡിയ്ക്ക്അർഹതയുണ്ടെന്ന്തെളിയിക്കുന്നസർട്ടിഫിക്കറ്റ്** | റേഷൻകാർഡ്, വാർഡ്മെമ്പറുടെശുപാർശഎന്നിവസഹിതംപ്രസിഡന്റിന്അപേക്ഷനൽകുക | തൽ ദിനം |
| **വിവിധക്ഷേമനിധിബോർഡുകളിൽഹാജരാക്കുന്നതിനുള്ള കുടുംബബന്ധംസാക്ഷ്യപ്പെടുത്തികൊണ്ടുള്ളസർട്ടിഫിക്കറ്റ്** | വിവാഹസർട്ടിഫിക്കറ്റ്, റേഷൻകാർഡ്, വാർഡ്മെമ്പറുടെശുപാർശഎന്നിവസഹിതംപ്രസിഡൻ്റിന്അപേക്ഷനൽകുക | തൽ ദിനം |
| **ലൈവ് സ്റ്റോക്ക് ഫാം തുടങ്ങുന്നതി നുള്ള സ്ഥാപന അനുമതി** | 1. അനുമതി പത്രത്തിൻ്റെ പകർപ്പ്<br>2. നിർദ്ദിഷ്ട ഫോറത്തിലുള്ള 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച പൂർണ്ണമായും പൂരിപ്പിച്ച അപേക്ഷ<br>3. കെട്ടിടം/സ്ഥലം സ്വന്തമാണെങ്കിൽ ആയതിൻ്റെ രേഖ, സ്വന്തമല്ലെങ്കിൽ ഉടമ സ്ഥന്റെ സമ്മതപത്രം (ഉടമസ്ഥൻ തിരിച്ചറിയൽ രേഖ സഹിതം ഹാജരാകാത്ത പക്ഷം സമ്മതപത്രത്തിലെ ഒപ്പ് ഏതെങ്കിലും ഗസറ്റഡ് ഓഫീസർ സാക്ഷ്യ പ്പെടുത്തണം)<br>4. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള കൺസൻ്റ് ടു ഓപ്പ റേറ്റ് / നിരാക്ഷേപ പത്രം (അനുമതി ആവശ്യമില്ലാത്തതും ലൈസൻസ് മാത്രം ആവശ്യമായിട്ടുള്ളതുമായ സംഗതിയിൽ)<br>5. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ബന്ധപ്പെട്ട വ്യവ സ്ഥകൾ പാലിച്ച് നിർമ്മിച്ചിട്ടുള്ള കെട്ടിടമായിരിക്കണം.<br>6. സ്ഥലനാമം, പ്ലാസ്റ്റിക് നിരോധനം എന്നിവ സംബന്ധിച്ച സത്യവാങ്മൂലം<br>7. നിശ്ചിതഫീസ് ഒടുക്കണം<br>(കുറിപ്പ് 1- പുതിയവ ആരംഭിക്കുന്നതിന് 30 ദിവസം മുമ്പും ലൈസൻസ് പുതു ക്കുന്നതിന് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുമ്പും | 1. മറ്റ് വകുപ്പുകൾ / സ്ഥാപ നങ്ങൾ എന്നിവയിൽ നിന്നും നിരാക്ഷേപപത്രം / അനുമതി ആവശ്യമില്ലാത്ത സംഗതിയിൽ 15 ദിവസം<br><br>2.മറ്റ് വകുപ്പുകൾ/ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നിരാക്ഷേപത്രം/ അനുമതി ആവശ്യമുള്ള പക്ഷം അവ ലഭിച്ച് 15 ദിവസങ്ങൾ കൂടി |

| | | |
|---|---|---|
| | അപേക്ഷിക്കണം. നിശ്ചിത സമയത്തിനകം അപേക്ഷ സമർപ്പിക്കാത്ത പക്ഷം ലൈസൻസ് ഫീസിൻ്റെ 25 ശതമാനം അധിക ഫീസ് ഒടുക്കണം.<br>2- മറ്റ് വകുപ്പുകൾ / സ്ഥാപനങ്ങളിൽ നിന്നുള്ള നിരാക്ഷേപ പത്ര ങ്ങൾ/അനുതി ഹാജരാക്കിയിട്ടില്ലെങ്കിൽ ആയതിന് അപേക്ഷിക്കുന്നതിന് മതി യായ എണ്ണം പകർപ്പുകൾ കൂടി ഹാജരാക്കണം) | |
| **ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് 1996 ലെ കേരള പഞ്ചാ 2. യത്ത് രാജ് (ആപത്ക്കരവും അസഹ്യ വുമായ വ്യാപാരങ്ങൾക്കും, ഫാക്ട റികൾക്കും ലൈസൻസ് നൽകൽ) ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേ ണ്ടതാണ്.** | 1. നിശ്ചിത ഫോറത്തിലുള്ള 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>ഫാമിൽ വളർത്താൻ ഉദ്ദേശിക്കുന്ന മൃഗങ്ങളുടെ / പക്ഷികളുടെ വിവരങ്ങൾ /എണ്ണം<br>3. സൈറ്റ് പ്ലാൻ, സ്കെച്ച്, ബിൽഡിംഗ് പ്ലാൻ (സാനിട്ടേഷൻ സൗകര്യം, സ്ഥല ത്തിന്റെ വിസ്തീർണ്ണം, ഫാമിൻ്റെ അതിർത്തിയിൽ നിന്ന് 10 മീറ്റർ പരിധിയിൽ ജനവാസം സംബന്ധിച്ചുള്ള വിവരങ്ങൾ, മാലിന്യ നിർമ്മാർജ്ജന ക്രമീകരണ ങ്ങൾ എന്നിവ കാണിച്ചിരിക്കണം)<br>4. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി പത്രം. | 15 ദിവസം |
| **ക്വാറികൾക്ക് ലൈസൻസ്**<br><br>**സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന സമകാലിക ഉത്തരവുകൾക്കും ജില്ലാ കളക്ടറുടെ സവിശേഷ നിയോഗിത അധികാര വിനിയോഗങ്ങൾക്കും വിധേയമായി നിബന്ധനപ്പെടുത്തിയിരിക്കുന്നു.** | 1. നിർദ്ദിഷ്ട ഫോറത്തിലുള്ള 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച പൂർണ്ണമായും പൂരിപ്പിച്ച അപേക്ഷ<br>2. മാഗസിൻ സ്വന്തം കെട്ടിടത്തിലല്ലെങ്കിൽ കെട്ടിട ഉടമയുടെ സമ്മതപത്രം<br>3. വസ്തുവിന്റെ കൈവശാവകാശ രേഖ, റവന്യൂ ഭൂമിയാണെങ്കിൽ റവന്യൂ അധി കാരിയിൽ നിന്നുള്ള അനുമതി രേഖ<br>4. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള എൻ.ഒ.സി. /Con-sent to operate<br>5. മൈനിംഗ് ആൻ്റ് ജിയോളജി വകുപ്പിൽ നിന്നുള്ള ക്വാറിംഗ് പെർമിറ്റ്<br>6. എക്സ്പ്ലോസീവ് ലൈസൻസ്<br>7. ലൈസൻസുള്ള ബ്ലാസ്റ്ററുടെ സേവനം ലഭ്യമാണെന്നത് സംബന്ധിച്ച രേഖ<br>8. യന്ത്രസാമഗ്രികളുടെ വിവരങ്ങൾ<br>9. സ്ഥലത്തിന്റെ സ്കെച്ച്, പ്ലാൻ<br>10. ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ | 1. മറ്റ് വകുപ്പുകൾ / സ്ഥാപ നങ്ങൾ എന്നിവയിൽ നിന്നും നിരാക്ഷേപപത്രം / അനുമതി ആവശ്യമില്ലാത്ത സംഗതിയിൽ 15 ദിവസം<br><br>2.മറ്റ് വകുപ്പുകൾ/ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നിരാക്ഷേപത്രം/ അനുമതി ആവശ്യമുള്ള പക്ഷം അവ ലഭിച്ച് 15 ദിവസങ്ങൾ കൂടി |

| | | |
|---|---|---|
| | 11. സൈറ്റ് പ്ലാൻ (100 മീറ്ററിനുള്ളിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾ, ആരാധനാല യങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടിവെള്ള സ്രോതസ്സുകൾ മുതലായവ രേഖപ്പെടുത്തിയത്)<br>12. നിശ്ചിത ഫീ ഒടുക്കണം.<br>13. State Environment impact assessment authority/Central forest & environmental ministry എന്നിവിടങ്ങളിൽ നിന്നുള്ള അനുമതി)<br>14. മറ്റ് വകുപ്പുകൾ / സ്ഥാപനത്തിൽ നിന്നുള്ള നിരാക്ഷേപ പത്രങ്ങൾ / അനു മതി ഹാജരാക്കിയിട്ടില്ലെങ്കിൽ ആയതിന് അപേക്ഷിക്കുന്നതിന് മതിയായ എണ്ണം പകർപ്പുകൾ കൂടി ഹാജരാക്കണം. | |
| **പട്ടി, പന്നി എന്നിവയെ വളർത്തുന്ന 1. തിനുള്ള ലൈസൻസ് (1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നി 2. കൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ** | പട്ടി/പന്നി എന്നിവയുടെ പ്രായം, നിറം, ഇനം മുതലായ വിവരങ്ങൾ കാണിച്ചു കൊണ്ട് 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച ഓൺലൈൻ അപേക്ഷ.<br>പേപ്പട്ടി വിഷബാധയ്ക്കെതിരെ പ്രതിരോധ കുത്തിവയ്പ്പ് നടത്തിയത് സംബ ന്ധിച്ച് മൃഗഡോക്ടറുടെ സാക്ഷ്യപത്രം.<br>3. ലൈസൻസിൻ്റെ കാലാവധി അനുവദിക്കുന്നത് അതത് സാമ്പത്തിക വർഷാവ സാനം വരെയായിരിക്കുന്നതും, കാലാവധി അവസാനിക്കുന്നതിന് മുമ്പ് അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് അപേക്ഷ സമർപ്പിച്ച് ലൈസൻസ് പുതു ക്കേണ്ടതാണ്.<br>4. നിശ്ചിത ഫീ ഒടുക്കേണ്ടതാണ്. (50/- രൂപ)<br>കുറിപ്പ് :- ലൈസൻസ് അനുവദിക്കപ്പെട്ട പട്ടിയെ/പന്നിയെ തൻ്റെ പരിസരത്ത് തന്നെ വളർത്തേണ്ടതും അലഞ്ഞ് തിരിയാൻ അനുവദിക്കാൻ പാടില്ലാത്തതു മാണ്. | 3 ദിവസം |
| **ടൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജി സ്ട്രേഷൻ (1999 ലെ കേരള പഞ്ചാ യ്തത് രാജ് (ടൂട്ടോറിയൽ സ്ഥാപന 'ങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ) (25: 265 267)** | 1. 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിശ്ചിത ഫോറത്തിലുള്ള (ഫാറം 1) അപേക്ഷ സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാല യളവിന് മുമ്പായി നിശ്ചിത രജിസ്ട്രേഷൻ ഫീ സഹിതം (രജിസ്ട്രേഷൻ ഫീ 200/- രൂപ) സമർപ്പിക്കണം.<br>2. അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി രജിസ്ട്രേഷൻ പുതു ക്കേണ്ടതും പുതുക്കുന്നതിനുള്ള അപേക്ഷ 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ഫോറം 5-ൽ നിശ്ചിത പുതുക്കൽ ഫീ സഹിതം സമർപ്പിക്കണം (പുതുക്കൽ ഫീ 50/- രൂപ) | 15 ദിവസം |
| **റൈസ് & ഫ്ളവർ മില്ലിന് ലൈസൻസ് 1. (കേരള പഞ്ചായത്ത് രാജ് ആപത്ക്ക 2. രവും അസഹ്യവുമായ വ്യാപാര ങ്ങൾക്കും ഫാക്ടറികൾക്കും** | നിശ്ചിത ഫോറത്തിലുള്ള 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ച അപേക്ഷ<br>കെട്ടിടം/സ്ഥലം സ്വന്തമാണെങ്കിൽ ആയതിൻ്റെ രേഖ. സ്വന്തമല്ലെങ്കിൽ ഉടമ സ്ഥരിൽ നിന്നുള്ള നിയമാനുസൃത സമ്മതപത്രം (ഉടമസ്ഥൻ ഹാജരാ ക്കാത്ത പക്ഷം സമ്മതപത്രത്തിലെ ഒപ്പ് ഏതെങ്കിലും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം)<br>3. യന്ത്രസാമഗ്രികൾ/ഊർജ്ജസ്രോതസ്സുകൾ എന്നിവയുടെ വിവരങ്ങൾ | 1. മറ്റ് വകുപ്പുകൾ / സ്ഥാപ നങ്ങൾ എന്നിവയിൽ നിന്നും നിരാക്ഷേപപത്രം / അനുമതി ആവശ്യമില്ലാത്ത സംഗതിയിൽ 15 ദിവസം |

| | | |
|---|---|---|
| **ലൈസൻസ് നൽകൽ) ചട്ടങ്ങൾ 1996** | 5. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള കൺസൻ്റ് ടു ഓപ്പറേറ്റ്/നിരാക്ഷേപപത്രം<br>6. സംസ്ഥാന മലിനീകരണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രങ്ങൾ അനു മതി ഹാജരാക്കിയിട്ടില്ലെങ്കിൽ ആയതിന് അപേക്ഷിക്കുന്നതിന് രേഖകളുടെ മതിയായ എണ്ണം പകർപ്പുകൾ ഹാജരാക്കണം.<br>7. നിശ്ചിത ഫീ ഒടുക്കണം<br>കുറിപ്പ് :- പുതിയവ ആരംഭിക്കുന്നതിന് 30 ദിവസം മുമ്പും ലൈസൻസ് പുതുക്കുന്നതിന് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുമ്പും അപേക്ഷിക്കണം. നിശ്ചിത സമയത്തിനകം അപേക്ഷ സമർപ്പിക്കാത്ത പക്ഷം വീഴ്ച വരുത്തിയതിന് നിശ്ചിത പിഴ ഒടുക്കണം. (ലൈസൻസ് ഫീസിൻ്റെ 25 ശതമാനം അധിക ഫീസ്) | 2.മറ്റ് വകുപ്പുകൾ/ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നിരാക്ഷേപത്രം/ അനുമതി ആവശ്യമുള്ള പക്ഷം അവ ലഭിച്ച് 15 ദിവസം |
| **ക്രഷറുകൾക്ക് ലൈസൻസ് (കേരള 1. പഞ്ചായത്ത് രാജ് നിയമം 1994 വകു 2. പ്പുകൾ 232, 233 കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവു മായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ട B 1996**<br><br>**സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന സമകാലിക ഉത്തരവുകൾക്കും ജില്ലാ കളക്ടറുടെ സവിശേഷ നിയോഗിത അധികാര വിനിയോഗങ്ങൾക്കും വിധേയമായി നിബന്ധനപ്പെടുത്തിയിരിക്കുന്നു.** | നിശ്ചിത ഫോറത്തിലുള്ള 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ച അപേക്ഷ<br>കെട്ടിടം/സ്ഥലം സ്വന്തമാണെങ്കിൽ ആയതിൻ്റെ രേഖ. സ്വന്തമല്ലെങ്കിൽ ഉടമസ്ഥരിൽ നിന്നുള്ള നിയമാനുസൃത സമ്മതപത്രം (ഉടമസ്ഥൻ ഹാജരാ ക്കാത്ത പക്ഷം സമ്മതപത്രത്തിലെ ഒപ്പ് ഏതെങ്കിലും ഗസറ്റഡ് ഓഫീസർസാക്ഷ്യപ്പെടുത്തിയിരിക്കണം)<br>3. ക്രഷർ സ്ഥാപിക്കുന്ന സ്ഥലത്തിൻ്റെ പ്ലാൻ, സ്കെച്ച്<br>4. സൈറ്റ് പ്ലാൻ (100 മീറ്ററിനുള്ളിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടിവെള്ള സ്രോതസ്സുകൾ മുതലായവരേഖപ്പെടുത്തിയത്)<br>5. യന്ത്രസാമഗ്രികൾ/ഊർജ്ജസ്രോതസ്സുകൾ എന്നിവയുടെ വിവരങ്ങൾ<br>6. സ്ഥലനാമം, പ്ലാസ്റ്റിക് നിരോധനം എന്നിവ സംബന്ധിച്ച സത്യവാങ്മൂലം<br>7. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള കൺസൻ്റ് ടു ഓപ്പറേറ്റ്/നിരാക്ഷേപപത്രം<br>8. ഓലമേഞ്ഞ കെട്ടിടമാണെങ്കിൽ അഗ്നിശമന സേനാവകുപ്പിൽ നിന്നുള്ള നിരാക്ഷേപപത്രം<br>9. ഗ്രാമപഞ്ചായത്തിൽ നിന്നും പ്രാഥമികാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ<br>10. 1948 ലെ ഫാക്ടറിസ് ആക്ടിൻ്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക് ഫാക്ടറീസ് ഇൻസ്പെക്ടർ/ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസറുടെ റിപ്പോർട്ട്/നിരാക്ഷേപ പത്രം | 1. മറ്റ് വകുപ്പുകൾ / സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നിരാക്ഷേപത്രം / അനുമതി ആവശ്യമില്ലാത്ത സംഗതിയിൽ 15 ദിവസം<br><br>2.മറ്റ് വകുപ്പുകൾ/ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നിരാക്ഷേപത്രം/ അനുമതി ആവശ്യമുള്ള പക്ഷം അവ ലഭിച്ച് 15 ദിവസം |

| | | |
|---|---|---|
| | 11. മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതി<br>12. മറ്റ് വകുപ്പുകൾ/സ്ഥാപനങ്ങളിൽ നിന്നുള്ള നിരാക്ഷേപ പത്രങ്ങൾ/അനുമതിഹാജരാക്കിയിട്ടില്ലെങ്കിൽ ആയതിന് അപേക്ഷിക്കുന്നതിന് മതിയായ എണ്ണം പകർപ്പുകൾ കൂടി ഹാജരാക്കണം<br>13. നിശ്ചിത ഫീ ഒടുക്കണം<br>കുറിപ്പ് :- പുതിയവ ആരംഭിക്കുന്നതിന് 30 ദിവസം മുമ്പും ലൈസൻസ് പുതുക്കുന്നതിന് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുമ്പും അപേക്ഷിക്കണം. നിശ്ചിത സമയത്തിനകം അപേക്ഷ സമർപ്പിക്കാത്ത പക്ഷം വീഴ്ച വരുത്തിയതിന് നിശ്ചിത പിഴ ഒടുക്കണം. (ലൈസൻസ് ഫീസിൻ്റെ 25 ശതമാനം അധിക ഫീസ്) | |
| **ഇഷ്ടിക കളങ്ങൾക്ക് ലൈസൻസ്1. (കേരള പഞ്ചായത്ത് രാജ് നിയമം 2. 1994 വകുപ്പുകൾ 232, 233 കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും നൽകൽ) ചട്ടങ്ങൾ 1996 ഫാക്ടറികൾക്കും ലൈസൻസ്** | നിശ്ചിത ഫോറത്തിലുള്ള 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ച അപേക്ഷ<br>കെട്ടിടം/സ്ഥലം സ്വന്തമാണെങ്കിൽ ആയതിൻ്റെ രേഖ. സ്വന്തമല്ലെങ്കിൽ ഉടമസ്ഥരിൽ നിന്നുള്ള നിയമാനുസൃത സമ്മതപത്രം (ഉടമസ്ഥൻ ഹാജരാ കാത്ത പക്ഷം സമ്മതപത്രത്തിലെ ഒപ്പ് ഏതെങ്കിലും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം)<br>3. ഇഷ്ടികക്കളം സ്ഥാപിക്കുന്ന സ്ഥലത്തിൻ്റെ പ്ലാൻ, സ്കെച്ച്<br>4. സൈറ്റ് പ്ലാൻ (100 മീറ്ററിനുള്ളിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടിവെള്ള സ്രോതസ്സുകൾ മുതലായവ രേഖപ്പെടുത്തിയത്)<br>5. യന്ത്രസാമഗ്രികൾ/ഊർജ്ജസ്രോതസ്സുകൾ എന്നിവയുടെ വിവരങ്ങൾ<br>6. സ്ഥലനാമം, പ്ലാസ്റ്റിക് നിരോധനം എന്നിവ സംബന്ധിച്ച സത്യവാങ്മൂലം<br>7. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള കൺസൻ്റ് ടു ഓപ്പറേറ്റ്/നിരാക്ഷേപപത്രം<br>8. റവന്യൂ ഡിവിഷണൽ ഓഫീസറുടെ അനുമതി<br>9. ഗ്രാമപഞ്ചായത്തിൽ നിന്നും പ്രാഥമികാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ<br>10. 1948 ലെ ഫാക്ടറിസ് ആക്ടിൻ്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക് ഫാക്റീസ് ഇൻസ്പെക്ടർ/ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസറുടെ റിപ്പോർട്ട്/നിരാക്ഷേപ പത്രം<br>11. മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതി | 1. മറ്റ് വകുപ്പുകൾ / സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നിരാക്ഷേപപത്രം / അനുമതി ആവശ്യമില്ലാത്ത സംഗതിയിൽ 15 ദിവസം<br><br>2.മറ്റ് വകുപ്പുകൾ/ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നിരാക്ഷേപത്രം/ അനുമതി ആവശ്യമുള്ള പക്ഷം അവ ലഭിച്ച് 15 ദിവസം |

| | | |
|---|---|---|
| | 12. മറ്റ് വകുപ്പുകൾ/സ്ഥാപനങ്ങളിൽ നിന്നുള്ള നിരാക്ഷേപ പത്രങ്ങൾ/അനുമതി ഹാജരാക്കിയിട്ടില്ലെങ്കിൽ ആയതിന് അപേക്ഷിക്കുന്നതിന് മതിയായ എണ്ണം പകർപ്പുകൾ കൂടി ഹാജരാക്കണം<br>13. നിശ്ചിത ഫീ ഒടുക്കണം<br>കുറിപ്പ് :- പുതിയവ ആരംഭിക്കുന്നതിന് 30 ദിവസം മുമ്പും ലൈസൻസ് പുതുക്കുന്നതിന് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുമ്പും അപേക്ഷിക്കണം. നിശ്ചിത സമയത്തിനകം അപേക്ഷ സമർപ്പിക്കാത്ത പക്ഷം വീഴ്ച്ച വരുത്തിയതിന് നിശ്ചിത പിഴ ഒടുക്കണം. (ലൈസൻസ് ഫീസിന്റെ 25 ശതമാനം അധിക ഫീസ്) | |
| **മരാധിഷ്ഠിത വ്യവസായങ്ങൾക്ക് 1. ലൈസൻസ് (കേരള പഞ്ചായത്ത് 2. രാജ് നിയമം 1994 വകുപ്പുകൾ 232, 233 കേരള പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാ രങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 1996** | നിശ്ചിത ഫോറത്തിലുള്ള 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ച അപേക്ഷ.<br>കെട്ടിടം/സ്ഥലം സ്വന്തമാണെങ്കിൽ ആയതിന്റെ രേഖ. സ്വന്തമല്ലെങ്കിൽ ഉടമ സ്ഥരിൽ നിന്നുള്ള നിയമാനുസൃത സമ്മതപത്രം (ഉടമസ്ഥൻ ഹാജരാ കാത്ത പക്ഷം സമ്മതപത്രത്തിലെ ഒപ്പ് ഏതെങ്കിലും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം)<br>3. വ്യവസായ സ്ഥാപിക്കുന്ന സ്ഥലത്തിൻ്റെ പ്ലാൻ, സ്കെച്ച്.<br>4. സൈറ്റ് പ്ലാൻ. (100 മീറ്ററിനുള്ളിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടിവെള്ള സ്രോതസ്സുകൾ മുതലായവ രേഖപ്പെടുത്തിയത്)<br>5. യന്ത്രസാമഗ്രികൾ/ഊർജ്ജസ്രോതസ്സുകൾ എന്നിവയുടെ വിവരങ്ങൾ.<br>6. സ്ഥലനാമം, പ്ലാസ്റ്റിക് നിരോധനം എന്നിവ സംബന്ധിച്ച സത്യവാങ്മൂലം.<br>7. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള കൺസൻ്റ് ടു ഓപ്പറേറ്റ്/നിരാക്ഷേപപത്രം.<br>8. വനം വകുപ്പിൽ നിന്നുള്ള അനുമതി/ നിരാക്ഷേപ പത്രം.<br>9. എംപവേർഡ് കമ്മിറ്റിയുടെ അനുമതി/ നിരാക്ഷേപ പത്രം<br>10. ഗാമപഞ്ചായത്തിൽ നിന്നും പ്രാഥമികാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ േരഖ.<br>11. 1948 ലെ ഫാക്ടറിസ് ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക് ഫാക്ട റീസ് ഇൻസ്പെക്ടർ/ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസറുടെ റിപ്പോർട്ട്/നിരാക്ഷേപ പത്രം | 1. മറ്റ് വകുപ്പുകൾ / സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നിരാക്ഷേപപത്രം / അനുമതി ആവശ്യമില്ലാത്ത സംഗതിയിൽ 15 ദിവസം<br>2.മറ്റ് വകുപ്പുകൾ/ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നിരാക്ഷേപത്രം/ അനുമതി ആവശ്യമുള്ള പക്ഷം അവ ലഭിച്ച് 15 ദിവസം |

| | | |
|---|---|---|
| | 12. മറ്റ് വകുപ്പുകൾ/സ്ഥാപനങ്ങളിൽ നിന്നുള്ള നിരാക്ഷേപ പത്രങ്ങൾ/അനുമതി ഹാജരാക്കിയിട്ടില്ലെങ്കിൽ ആയതിന് അപേക്ഷിക്കുന്നതിന് മതിയായ എണ്ണം പകർപ്പുകൾ കൂടി ഹാജരാക്കണം.<br>13. നിശ്ചിത ഫീ ഒടുക്കണം.<br>കുറിപ്പ് :- പുതിയവ ആരംഭിക്കുന്നതിന് 30 ദിവസം മുമ്പും ലൈസൻസ് പുതുക്കുന്നതിന് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുമ്പും അപേക്ഷിക്കണം. നിശ്ചിത സമയത്തിനകം അപേക്ഷ സമർപ്പിക്കാത്ത പക്ഷം വീഴ്ച വരുത്തിയതിന് നിശ്ചിത പിഴ ഒടുക്കണം. (ലൈസൻസ് ഫീസിന്റെ 25 ശതമാനം അധിക ഫീസ്) | |
| **ക്വാറികൾ/ക്രഷറുകൾ/ഫാക്ടറികൾ/വ്യവസായങ്ങൾ/ ഇഷ്ടികകളങ്ങൾ/മരാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്കുള്ള പ്രാഥമികാനുമതി (22 233 234, 236, 237)**<br><br>**സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന സമകാലിക ഉത്തരവുകൾക്കും ജില്ലാ കളക്ടറുടെ സവിശേഷ നിയോഗിത അധികാര വിനിയോഗങ്ങൾക്കും വിധേയമായി നിബന്ധനപ്പെടുത്തിയിരിക്കുന്നു.** | 1. നിശ്ചിത ഫോറത്തിലുള്ള 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ച അപേക്ഷ.<br>2. കെട്ടിടം/സ്ഥലം സ്വന്തമാണെങ്കിൽ ആയതിൻ്റെ രേഖ. സ്വന്തമല്ലെങ്കിൽ ഉടമസ്ഥരിൽ നിന്നുള്ള നിയമാനുസൃത സമ്മതപത്രം (ഉടമസ്ഥൻ ഹാജരാ കാത്ത പക്ഷം സമ്മതപത്രത്തിലെ ഒപ്പ് ഏതെങ്കിലും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം)<br>3. സ്ഥാപനം നടത്തുന്നതിന് മറ്റ് വകുപ്പുകൾ/സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതി/നിരാക്ഷേപപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ്.<br>4. കെട്ടിട നിർമ്മാണ ചട്ടപ്രകാരമുള്ള അപേക്ഷ.<br>എക്സ്പ്ലോസീവ് അനുമതി പത്രം (ബാധകമാണെങ്കിൽ)<br>ഫയർ സർട്ടിഫിക്കറ്റ് (ബാധകമാണെങ്കിൽ)<br><br>പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം<br>ഫാക്ടറീസ് ആക്ട് പ്രകാരമുള്ള സാക്ഷ്യപത്രം (ബാധകമാണെങ്കിൽ)<br>5. സ്ഥാപനം നടത്താനുദ്ദേശിക്കുന്ന പുരയിടത്തിൻ്റെ പ്ലാൻ, സ്കെച്ച്<br>6. സൈറ്റ് പ്ലാൻ (100 മീറ്ററിനുള്ളിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടിവെള്ള സ്രോതസ്സുകൾ മുതലായവ രേഖപ്പെടുത്തിയത്)<br>7. യന്ത്രസാമഗ്രികൾ/ഊർജ്ജസ്രോതസ്സുകൾ എന്നിവയുടെ വിവരങ്ങൾ.<br>8. കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരമുള്ള അടി സ്ഥാന സൗകര്യങ്ങൾ ഉണ്ടായിരിക്കണം.<br>കുറിപ്പ് :- പ്രാഥമികാനുമതി സ്ഥാപനം നടത്തുന്നതിനുള്ള ലൈസൻസല്ല. ലൈസൻസിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ ബന്ധപ്പെട്ട | ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്ശേഷം 15 പ്രവൃത്തി ദിവസം<br><br>എല്ലാ പത്രങ്ങളും ലഭ്യമാക്കുന്ന പക്ഷം 15 |

| | | |
|---|---|---|
| | സ്ഥാപനങ്ങൾ/വകുപ്പുകളിൽ നിന്നുള്ള അനുമതി/ നിരാക്ഷേപ പത്രങ്ങൾ കൂടി ഹാജരാക്ക ണം. ആയവ ഹാജരാക്കാത്ത പക്ഷം ആയവക്ക് അപേക്ഷിക്കുന്നതിനുള്ള മതി യായ എണ്ണം പകർപ്പുകൾ കൂടി ഹാജരാക്കണം. | |
| **സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപന ങ്ങളുടേയും രജിസ്ട്രേഷൻ (1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങള ടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ)**<br><br>**ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുമതി പത്രം ആവശ്യമാണ്** | 1. 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിശ്ചിത ഫോറത്തിലുള്ള (ഫാറം 1) അപേക്ഷ സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാല യളവിന് മുമ്പായി നിശ്ചിത രജിസ്ട്രേഷൻ ഫീ സഹിതം (രജിസ്ട്രേഷൻ ഫീ 200/- രൂപ) സമർപ്പിക്കണം.<br>2. അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി രജിസ്ട്രേഷൻ പുതു ക്കേണ്ടതും പുതുക്കുന്നതിനുള്ള അപേക്ഷ 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ഫോറം 5-ൽ നിശ്ചിത പുതുക്കൽ ഫീ സഹിതം സമർപ്പിക്കണം (പുതുക്കൽ ഫീ 50/- രൂപ)<br>3. കെട്ടിടം സ്വന്തമാണെങ്കിൽ ആയതിൻ്റെ രേഖ. സ്വന്തമല്ലെങ്കിൽ ഉടമസ്ഥൻ നിയമാനുസൃതമുള്ള സമ്മതപത്രം ഉടമസ്ഥൻ തിരിച്ചറിയൽ രേഖ സഹിതം ഹാജ രാകാത്ത പക്ഷം സമ്മതപത്രത്തിലെ ഒപ്പ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടു ത്തിയിരിക്കണം.<br>4. സ്ഥാപനത്തിൻ്റെ ശുചിത്വം, കെട്ടിടത്തിൻ്റെ സുരക്ഷിതത്വം, നടത്തിപ്പുകാർക്ക് വേണ്ട മറ്റ് യോഗ്യതകൾ എന്നിവ സംബന്ധിച്ച് മറ്റ് വകുപ്പുകൾ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ലൈസൻസ് / അനുമതി / നിരാക്ഷേപപത്രം എന്നിവ ആവശ്യമുള്ള പക്ഷം ആയവ കൂടി ഹാജരാക്കണം. ഹാജരാക്കാത്ത പക്ഷം ആയവ ലഭിക്കുന്നതിന് സമർപ്പിക്കുന്നതിനായി രേഖകളുടെ മതിയായ എണ്ണം പകർപ്പുകൾ കൂടി ഹാജരാക്കണം.<br>5. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം.<br>6. സ്വകാര്യ ആശുപത്രികളെ സംബന്ധിച്ചിടത്തോളം ജനന മരണ രജിസ്ട്രേഷൻ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. 7. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെടുന്ന സാഹചര്യത്തിൽ 10 രൂപ ഫീസോടു കൂടി അപേക്ഷിക്കുന്ന പക്ഷം ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകു ന്നതാണ്.<br>കുറിപ്പ് :- 1. രജിസ്ട്രേഷന് പുറമേ ഡി&ഒ അനുസരിച്ചുള്ള ലൈസൻസും എടുത്തിരിക്കണം.<br>2. രജിസ്ട്രേഷൻ നടത്താത്ത സ്ഥാപനങ്ങളുടെ പേരിൽ 5000/- രൂപ പിഴ ചുമത്തുന്നതാണ്. | 1. മറ്റ് വകുപ്പുകൾ / സ്ഥാപ നങ്ങൾ എന്നിവയിൽ നിന്നും നിരാക്ഷേപപത്രം / അനുമതി ആവശ്യമില്ലാത്ത സംഗതിയിൽ 15 ദിവസം<br><br>2.മറ്റ് വകുപ്പുകൾ/ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നിരാക്ഷേപത്രം/ അനുമതി ആവശ്യമുള്ള പക്ഷം അവ ലഭിച്ച് 15 ദിവസം |
| **സ്വകാര്യ മാർക്കറ്റുകൾക്ക് ലൈസൻ 1. സ് നൽകൽ (1996 ലെ** | 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിശ്ചിത ഫോറം 11 ലുള്ള അപേക്ഷ. | എല്ലാ രേഖകളും ലഭ്യമായി, പത്രത്തിൽ പരസ്യം |

| | | |
|---|---|---|
| **കേരള പഞ്ചാ 2. യത്ത് രാജ് (പൊതു മാർക്കറ്റുക ളുടേയും സ്വകാര്യ മാർക്കറ്റുകളു ടേയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങൾ (സെക്ഷൻ 221 224)** | കടകളുടെ എണ്ണവും സ്ഥാനവും സ്റ്റാളുകൾ, തുറസ്സായ സ്ഥലങ്ങൾ, പോക്കു വരവിനുള്ള വഴികൾ, കൈവഴികൾ, അഴുക്ക് ചാലുകൾ, കക്കൂസുകൾ, മൂത്ര പ്പുരകൾ എന്നിവയുടെ സ്ഥാനം മുതലായവയും കാണിക്കുന്ന സ്കെച്ച്<br>3. പുതുതായി തുടങ്ങുന്ന സംഗതിയിൽ പൊതുജനങ്ങൾക്ക് ആക്ഷേപം എന്തെ ങ്കിലും ഉണ്ടെങ്കിൽ അയത് ഉന്നയിക്കുന്നതിനുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്യുന്നതിനുള്ള ചെലവ് തുക ഗ്രാമപഞ്ചായത്തിൽ മുൻകൂർ ആയി കെട്ടി വയ്ക്കണം.<br>4. മാർക്കറ്റ് നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലത്തിൻ്റെ കൈവശാവകാശ രേഖ, ഭൂനി കുതി തന്നാണ്ടിൽ അടച്ച രസീതിന്റെ കോപ്പി, ആധാരത്തിൻ്റെ കോപ്പി ടി സ്ഥലത്തുള്ള കെട്ടിടങ്ങളുടെ നികുതി ഗ്രാമപഞ്ചായത്തിൽ ഒടുക്കിയതിൻ്റെ രേഖയും ഹാജരാക്കണം.<br>5. ജില്ലാ മെഡിക്കൽ ഓഫീസറുടെ നിരാക്ഷേപ പത്രം<br>6. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം<br>7. കന്നുകാലി ചന്തയെ സംബന്ധിച്ചിടത്തോളം സ്ഥലത്തിൻ്റെ വിസ്തീർണ്ണം വിൽപ്പ നയ്ക്കായി കൊണ്ടു വരുന്ന കന്നുകാലി വർഗ്ഗങ്ങളുടെ വിവരണം, കന്നുകാ ലികൾക്ക് ഏർപ്പെടുത്തിയ സൗകര്യങ്ങൾ, എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കണം.<br>8. കന്നുകാലി ചന്തകളെ സംബന്ധിച്ച് ജില്ലാ വെറ്റിനറി ഓഫീസറുടെ നിരാക്ഷേപ പത്രം<br>9. ലൈസൻസ് പുതുക്കുമ്പോൾ മുൻ വർഷത്തെ അല്ലെങ്കിൽ അപേക്ഷ തീയ തിയ്ക്ക് തൊട്ടു മുൻപുള്ള 12 മാസത്തെ മാർക്കറ്റിൽ നിന്നുള്ള ആദായത്തിന്റെ ഒരു സ്റ്റേറ്റ്മെന്റ് സമർപ്പിക്കണം<br>10. പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസ് ഒടുക്കേണ്ടതാണ്. | ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിച്ച് ആക്ഷേപം എന്തെങ്കിലുമുണ്ടെങ്കിൽ ആയവ ഉൾപ്പടെ ഗ്രാമപഞ്ചായത്ത് സമിതി പരിഗണിച്ച് തീരുമാനം എടുത്തശേഷം 15 ദിവസത്തിനകം |
| **സ്വകാര്യ വണ്ടി താവളങ്ങൾ/വാഹന സ്റ്റാന്റുകൾക്ക് ലൈസൻസ് (1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കു മതി സ്ഥലങ്ങൾ, വിരാമ സ്ഥലങ്ങൾ, വണ്ടിതാവളങ്ങൾ, മറ്റ് വാഹന സ്റ്റാൻ് കൾ) ചട്ടങ്ങൾ 227 - 228** | 1. 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ള പേപ്പറിലുള്ള അപേക്ഷ. അപേ എല്ലാ രേഖക ക്ഷയിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കണം.<br>a. സ്ഥലപ്പേര്, സർവ്വേ നമ്പർ, പുതിയവണ്ടി താവളങ്ങൾ സ്ഥാപിക്കാനോ നിലവി ലുള്ളത് തുടർന്ന് കൊണ്ടു പോകുവാനോ ഉദ്ദേശിക്കുന്ന സ്ഥലത്തിൻ്റെ അതി രുകൾ മുതലായ വിവരങ്ങൾ<br>b. നിലവിലുള്ള വണ്ടിതാവളങ്ങൾ ഏറ്റവും അടുത്തുള്ളത് എവിടെയാണോ ആ സ്ഥലത്തിന്റെ പേര്<br>c. രണ്ട് വണ്ടിതാവളങ്ങൾക്കും ഇടയിലുള്ള ദൂരം.<br>d. അപേക്ഷകന്റെപേര്, വയസ്സ്, ജോലി, താമസസ്ഥലം | എല്ലാ രേഖകളും ലഭ്യമായി, പത്രത്തിൽ പരസ്യം ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിച്ച് ആക്ഷേപം എന്തെങ്കിലുമുണ്ടെങ്കിൽ ആയവ ഉൾപ്പടെ ഗ്രാമപഞ്ചായത്ത് സമിതി പരിഗണിച്ച് തീരുമാനം |

| | | | |
|---|---|---|---|
| | e. ആ സ്ഥലത്തിൻ്റെ മേൽ അപേക്ഷകനുള്ള അധികാരത്തിൻ്റെ സ്വഭാവവും പരിധിയും<br>f. നിലവിലുള്ള വണ്ടി താവളത്തിൻ്റെ സംഗതിയിൽ ആ സ്ഥലം എത്രനാളായി നേരത്തെ ഉപയോഗിച്ചുകൊണ്ടിരുന്നു എന്ന വിവരം<br>2. വണ്ടിതാവളം തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിൻ്റെ അതിരും എടുപ്പുകളും പ്രവേശന കവാടങ്ങളും വഴികളും ഗേറ്റുകളും, ഡ്രയിനേജുകളും ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നതോ നിലവിലുള്ളതോ ആയ കക്കൂസുകളുടേയും മൂത്രപ്പുരകൾക്കുള്ള സ്ഥാനങ്ങളുടേയും ചട്ടപ്രകാരം ഏർപ്പെടുത്തേണ്ട മറ്റ് അടിസ്ഥാന സൗകര്യങ്ങളുടേയും സ്കെച്ച്, പ്ലാൻ.<br>3. വണ്ടിതാവളം സ്ഥാപിക്കുന്നത് സംബന്ധിച്ച് നോട്ടീസ് വർത്തമാന പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള ചെലവ് തുക ഗ്രാമപഞ്ചായത്തിൽ മുൻകൂർ കെട്ടിവയ്ക്കണം<br>4. സ്ഥലത്തിന്റെ്റെ പ്ലാനും സ്കെച്ചും, കൈവശാവകാശ രേഖ<br>5. ആധാരത്തിൻ്റെ പകർപ്പ്<br>6. വില്ലേജ് ആഫീസിൽ തന്നാണ്ടിൽ കരം അടച്ച രസീതിൻ്റെ പകർപ്പ്<br>7. മോട്ടോർ വാഹനങ്ങൾക്ക് വേണ്ടിയുള്ള സ്വകാര്യ വണ്ടിതാവളത്തെ സംബന്ധിച്ച് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ അനുമതി.<br>8. നിർമ്മാണമുണ്ടെങ്കിൽ - കെ.പി.ബി. ആർ അനുസരിച്ചുള്ള അപേക്ഷ. നിശ്ചിത ലൈസൻസ് ഫീ ഒടുക്കണം (200/- രൂപ പുതിയവ തുടങ്ങുന്നതിനും പുതുക്കുന്നതിനും) | എടുത്തശേഷം ദിവസത്തിനകം | 15 |
| **തൊഴിൽ കാർഡ് രജിസ്ട്രേഷൻ (2005 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം)** | 1. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ.<br>2. അപേക്ഷകൻ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരനായിരിക്കണം<br>3. എലവഞ്ചേരി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻകാർഡിൽ അപേക്ഷകന്റെ പേര് ഉൾപ്പെട്ടിരിക്കണം. അപേക്ഷയോടൊപ്പം റേഷൻകാർഡിൻ്റെ പകർപ്പ് ഉൾപ്പെടുത്തണം.<br>4. അപേക്ഷകൻ്റെ തിരിച്ചറിയൽ കാർഡിൻ്റെ പകർപ്പ്<br>5. അപേക്ഷകന്റേ്റേയും തൊഴിൽ കാർഡിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന അംഗങ്ങളുടേയും മൂന്ന് ഫോട്ടോകൾ വീതം<br>6. ആധാർ കാർഡുള്ളവർ അപേക്ഷയോടൊപ്പം അതിൻ്റെ പകർപ്പ് ഉൾപ്പുത്തണം<br>7. കുടുംബാംഗങ്ങളുടെ ഫോട്ടോകൾ | 15 ദിവസം | |

| | | |
|---|---|---|
| **തൊഴിൽ ലഭിക്കുന്നതിനുള്ള അപേക്ഷ (2005 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയ മപ്രകാരം)** | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ.<br>2. അപേക്ഷയിൽ തൊഴിൽ കാർഡ് നമ്പർ രേഖപ്പെടുത്തിയിരിക്കണം.<br>3. തൊഴിലിനായി മുൻകൂർ അപേക്ഷ സമർപ്പിക്കുന്നവർ ഏത് തീയതി മുതലാണ് തൊഴിൽവേണ്ടതെന്ന് അപേക്ഷയിൽ വ്യക്തമാക്കണം.<br>4. കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്കിൽ പ്രത്യേക അക്കൗണ്ട് തുടങ്ങിയിരിക്കണം | 1. അപേക്ഷിച്ച് 14 ദിവസം<br>2.മുൻകൂർ അപേക്ഷ സമർപ്പിക്കുന്ന സംഗതിയിൽ ഏത് തീയതി മുതൽ തൊഴിൽ ആവശ്യപ്പെടുന്നുവോ ആ തീയതി മുതൽ 14 ദിവസം |
| **വാട്ടർ കണക്ഷനു വേണ്ടി പഞ്ചായത്ത് റോഡ് മുറിച്ച് പൈപ്പ് സ്ഥാപിക്കുന്ന തിനുള്ള അനുമതി** | 1. വാർഡ്, വീട്ടുനമ്പർ എന്നിവ രേഖപ്പെടുത്തിയ 5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ്പതിച്ച ഓൺലൈൻ അപേക്ഷ<br>2. അംഗീകൃത പ്ലംബർ തയ്യാറാക്കി പ്ലംബറും അപേക്ഷകനും ഒപ്പു വച്ച സൈറ്റ് പ്ലാൻ (റോഡ്, പൈപ്പിൻ്റെ സ്ഥാനം വീടിൻ്റെ സ്ഥാനം എന്നിവ രേഖപ്പെടുത്തി യത്)<br>3. കെട്ടിടത്തിൻ്റെ തന്നാണ്ടുവരെയുള്ള നികുതി അടച്ചിരിക്കണം<br>4. LID & EW അസി. എഞ്ചിനീയർ/ഓവർസീയർ നടത്തുന്ന വാല്യേഷൻ പ്രകാരമുള്ള നിശ്ചിത ഫീ ഒടുക്കണം<br>5. കട്ടിംഗ് നടത്തിയ സ്ഥലം മുൻസ്ഥിതിയിലാക്കുന്നതിനുള്ള സംഖ്യ ഡെപ്പോസി റ്റായി ഒടുക്കണം<br>6. നിശ്ചിത സമയപരിധിയ്ക്കകത്ത് റോഡ് പൂർവ്വസ്ഥിതിയിലാക്കികൊള്ളാമെ ന്നുള്ള എഗ്രിമെൻ്റ് സമർപ്പിക്കണം<br>7. റോഡ് പൂർവ്വസ്ഥിതിയിലാക്കിയെന്ന് ഉറപ്പു വരുത്തി ഡെപ്പോസിറ്റ് തിരികെ നൽകുന്നു. | 15 പ്രവൃത്തി ദിവസം |

# മൊബൈൽ ടവർ

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചു. ഗസറ്റ് തിയ്യതി :19-01-2023 ടി ഭേദഗതി പ്രകാരം ഇപ്പോൾ മൊബൈൽ ടവർ നിർമ്മാണത്തിന് നിശ്ചിത മാതൃകയിലുള്ള ( അനുബന്ധം A5) ഇൻ്റിമേഷനോടൊപ്പം നിയമാനുസൃത പ്ലാൻ ഉൾപ്പെടെയുള്ള അനുബന്ധ രേഖകളും ഫീസും ഗ്രാമപഞ്ചായത്ത് ഓഫീസിൽ നൽകി നിർമ്മാണം ആരംഭിക്കാം.

നിർമ്മാണം പൂർത്തീകരിച്ച ശേഷം അപേക്ഷകനും എഞ്ചിനിയറും ഒപ്പിട്ട കംപ്ലീഷൻ റിപ്പോർട്ടും ആദ്യം സമർപ്പിച്ച ഇന്റിമേഷൻ്റെ പകർപ്പും സഹിതം സെക്രട്ടറിക്ക് സമർപ്പിക്കണം. സെക്രട്ടറി സ്ഥലപരിശോധന നടത്തി നിർമ്മാണം നിയമാനുസൃതമാണെന്ന് ഉറപ്പ് വരുത്തി 15 ദിവസത്തിനകം ഓക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകണം.

ഫീസ് നിരക്ക് : മൊബൈൽ ടവർ : 10000 രൂപ

പോൾ സ്ട്രക്ച്ചർ : 2500 രൂപ

അനുബന്ധ മുറികൾ : ഒരു ച.മീ. ന് 15 രൂപ.

# ഗ്രാമപഞ്ചായത്ത് ഘടക സ്ഥാപനങ്ങൾ മുഖാന്തിരം ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ

## LID & EW എൻജിനീയറിംഗ് വിഭാഗം

| സേവനം | നിബന്ധനകൾ | സമയപരിധി |
|---|---|---|
| **കെട്ടിട നിർമ്മാണം പെർമിറ്റുകൾ, റഗുലറൈസേഷൻ, കെട്ടിടനമ്പറിംഗ്, ഒക്കുപെൻസി സർട്ടിഫിക്കറ്റ്, പഞ്ചായത്ത് റോഡിൽ ടാർ മുറിച്ച് വാട്ടർ പൈപ്പ് ഇടുന്നതിനുള്ള അനുമതി എന്നിവയ്ക്കുള്ള അപേക്ഷകളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കൽ** | ബന്ധപ്പെട്ട അപേക്ഷകൾ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ ഈ പൗരാവകാശരേഖയിൽ മുൻ പേജുകളിൽ വിശദീകരിച്ചിട്ടുണ്ട്. | നിശ്ചിത പ്രവൃത്തി ദിവസം |
| **അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന വിവിധ പ്രോജക്ടുകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ** | കാലാകാലങ്ങളിൽ തയ്യാറാക്കുന്ന പ്രോജക്ടുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ | പ്രോജക്ടുകളിലെ വ്യവസ്ഥകൾ പ്രകാരം |

## ഗ്രാമപഞ്ചായത്ത് - ഹോമിയോ ഡിസ്പെൻസറി

| സേവനം | നിബന്ധനകൾ | സമയപരിധി |
|---|---|---|
| **ഡോക്ടറുടെ സേവനം** | ഒ. പി. സമയം രാവിലെ 9 മുതൽ ഉച്ചയ്ക്ക് 2 മണി വരെ | |
| **മെഡിക്കൽ സർട്ടിഫിക്കറ്റ്/ഫിറ്റ്നസ് സർട്ടിഫിക്കറ്റ്** | ചികിത്സയിലിരിക്കുന്ന രോഗികൾ അപേക്ഷ, ഒ.പി. ചീട്ട് എന്നിവ സഹിതം ഹാജരാകണം | |
| **മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന വിവിധ പ്രോജക്ടുകൾ** | കാലാകാലങ്ങളിൽ തയ്യാറാക്കുന്ന പ്രോജക്ടുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ | |

## ഗ്രാമപഞ്ചായത്ത് - കൃഷിഭവൻ

| സേവനം | നിബന്ധനകൾ | സമയപരിധി |
|---|---|---|
| **മണ്ണ് പരിശോധന** | നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷയും ശാസ്ത്രീയമായി ശേഖരിച്ച 500 ഗ്രാം മണ്ണ് സാമ്പിളും കൃഷി ഓഫീസർക്ക് സമർപ്പിക്കുക | പരിശോധന ശാലയിൽ നിന്നും റിസൾട്ട് ലഭിക്കുന്ന മുറയ്ക്ക് |
| **പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം** | നിർദ്ദിഷ്ട ഫോറത്തിലുള്ള രണ്ട് കോപ്പി അപേക്ഷകളും റേഷൻകാർഡും, കരം ഒടുക്കിയ രസീതും കൃഷി ഓഫീസർക്ക് സമർപ്പിക്കുക. കൃഷിനാശം സംഭവിച്ച് 5 ദിവസങ്ങൾക്കുള്ളിൽ അപേക്ഷിക്കണം. | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് |
| **കൃഷി ആവശ്യത്തിന് പമ്പ് സെറ്റ് സ്ഥാ പിച്ച് വൈദ്യുതി കണക്ഷന് മുൻഗ ണന ലഭിക്കുന്നതിനായുള്ള സാക്ഷ്യ പത്രം** | വെള്ളക്കടലാസിലുള്ള അപേക്ഷയും പമ്പ് സെറ്റ് സ്ഥാപിച്ച സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റും കൃഷി ഓഫീസർക്ക് സമർപ്പിക്കുക. | 7 പ്രവൃത്തി ദിവസം |
| **നെൽകൃഷിയ്ക്കുള്ള ഉൽപാദക ബോണസ്** | ഓരോ വിളയ്ക്കും പാടശേഖര സമിതികൾ മുഖാന്തിരം പ്രത്യേകം പ്രത്യേകം അപേക്ഷകൾ നിശ്ചിത ഫോറത്തിൽ കൃഷി ഓഫീസർക്ക് നൽകുക. | ഫണ്ട് ലഭ്യമാകുന്ന മുറ യ്ക്ക് |

| | | |
|---|---|---|
| **അത്യുൽപാദന ശേഷിയുള്ള വിത്തുക ളുടേയും നടീൽ വസ്തുക്കളുടേയും വിതരണം** | വിള ഇറക്കുന്നതിന് മുൻപ് കൃഷിഭവനുമായി ബന്ധപ്പെടുക. കൃഷി വകുപ്പ്നിശ്ചയിക്കുന്ന വില നൽകണം. | വസക്ക ളും നടീൽ വസ് തുക്കളും ലഭി ക്കുന്ന മുറ യ്ക്ക് |
| **രാസവളം, കീടനാശിനി വിൽപ്പന നടത്തുന്ന തിനുള്ള നൽകലും പുതുക്കലും ലൈസൻസ്** | നിശ്ചിത ഫോറത്തിൽ കൃഷി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുക. രാസവളംവിൽപ്പനയ്ക്കുള്ള ലൈസൻസിന് 25/- രൂപയും കീടനാശിനി വിൽപ്പനയ്ക്കുള്ള ലൈസൻസിന് 300/- രൂപയും ഫീസ് ഒടുക്കണം | 7 പ്രവൃത്തി ദിവസം |
| **അഗ്രോക്ലിനിക്കുകളുടെ സേവനം** | പ്രവൃത്തി സമയങ്ങളിൽ കൃഷി ഓഫീസറെ ബന്ധപ്പെട്ട് കർഷകരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുക | |
| **നെൽവയലിന്റെ ഉടമസ്ഥന് താമസി ക്കുന്നതിനായി വീട് വയ്ക്കുന്നതിനോഅല്ലെങ്കിൽ പൊതു ആവശ്യത്തി നായോ നെൽവയൽ രൂപാന്തരപ്പെടു ത്തുന്നതിന് ശുപാർശ ചെയ്യുന്നതിന് (2008 ലെ കേരള നെൽവയൽ - ത ണ്ണീർതട സംരക്ഷണ ആക്ട് /2008 ലെ കേരള നെൽവയൽ - തണ്ണീർതട സംരക്ഷണ ചട്ടങ്ങൾ)** | 1. 10/- രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ<br>2. സ്ഥലത്തിൻ്റെ കൈവശാവകാശ രേഖ | 30 ദിവസത്തി നകം ജില്ലാതല അധികൃത സ മിതിയ്ക്ക് റി പ്പോർട്ട് / ശുപാ ർശ സമർപ്പി ക്കുന്നതാണ്. |
| **വിള ഇൻഷ്വറൻസ്** | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ. വിളകൾക്ക് അനുസൃതമായിട്ടുള്ള പ്രീമിയം തുക ഒടുക്കണം. കൃഷി ചെയ്തിരിക്കുന്ന വിള മൊത്തമായി മാത്രമേഇൻഷ്വർ ചെയ്യുകയുള്ളു. | വിളകൾ അനു സരിച്ച് |
| **ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ** | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ<br>2. കൈവശാവകാശ സർട്ടിഫിക്കറ്റ്, വില്ലേജിൽ കരം തീർത്ത രസീതിൻ്റെ കോപ്പി (സ്വന്തമായി 10 സെൻ്റ് ഭൂമിയെങ്കിലും ഉണ്ടായിരിക്കണം)<br>3. റേഷൻകാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ കോപ്പി | കാർഷിക വികസന കമ്മിറ്റിയുടെ തീരുമാനമാകുന്ന മുറയ്ക്ക് |
| **കൃഷി ഓഫീസർ നിർവ്വഹണം നടത്തുന്ന വിവിധ പ്രോജക്ടുകൾ പ്രകാ രമുള്ള ആനുകൂല്യങ്ങൾ** | കാലാകാലങ്ങളിൽ തയ്യാറാക്കുന്ന പ്രോജക്ടുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിബ ന്ധനകൾ | പ്രോജക്ടുകളിലെ വ്യവസ്ഥകൾ പ്രകാരം |

| | | |
|---|---|---|
| | സുഭിക്ഷം കേരളം പദ്ധതി തരിശ് നില കൃഷി വ്യാപനം സബ്സിഡി ആനുകൂല്യങ്ങൾ യഥാവിധി അനുവദിച്ചു ലഭിക്കുന്നതാണ്. | |

## ഗ്രാമപഞ്ചായത്ത് - വെറ്റിനറി ഹോസ്പിറ്റൽ

| സേവനം | നിബന്ധനകൾ | സമയപരിധി |
|---|---|---|
| **ആശുപത്രിയിൽ കൊണ്ടു വരുന്ന വളർത്തു മൃഗങ്ങൾക്കും പക്ഷികൾക്കുമുള്ള ചികിത്സ** | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | തൽസമയം, ഫീസ്- ഇല്ല |
| **പകർച്ചാവ്യാധികൾക്ക് എതിരെയുള്ള രോഗപ്രതിരോധ കുത്തിവയ്പ്പും പ്രതിരോധ നടപടിയും** | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | തൽസമയം, ഫീസ്- ഇല്ല |
| **വളർത്തു മൃഗങ്ങൾക്ക് ഇൻഷ്വറൻസ് സംരക്ഷണം** | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | പ്രീമിയംതുക ഗുണഭോക്താവ് വഹിക്കേണ്ടതാണ് |
| **പശു, എരുമ എന്നിവയുടെ പ്രജനനത്തിനും വർഗ്ഗഗുണം മെച്ചപ്പെടുത്തുന്നതിനുമുള്ള കൃത്രിമ ബീജധാന സൗകര്യം** | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | തൽസമയം, ഫീസ്- ഇല്ല |
| **ഗസറ്റഡ് ഓഫീസർ എന്ന നിലയിൽ ഒപ്പും രേഖകളും സാക്ഷ്യപ്പെടുത്തൽ** | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | തൽസമയം, ഫീസ്- ഇല്ല |
| **വകുപ്പിൻ്റേയും പഞ്ചായത്തിന്റേയും പദ്ധതികളുടെ നിർവ്വഹണം** | ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | നടപടി ക്രമങ്ങൾ പാലിച്ച്കൊണ്ട് |

## ഗ്രാമപഞ്ചായത്ത് - വെറ്റിനറി കാര്യാലയം

| സേവനം | നിബന്ധനകൾ | സമയപരിധി |
| --- | --- | --- |
| **ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സേവനം** | സാധാരണ ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ | |
| **കൃത്രിമ ബീജസങ്കലനം** | മദിലക്ഷണം തുടങ്ങി 24 മണിക്കൂറിനുള്ളിൽ ഉരുക്കളെ ഡോക്ടറുടെ സമീപത്തെത്തിക്കുക. | നിശ്ചിത ഫീ ഒടുക്കണം |
| **രോഗ പ്രതിരോധ കുത്തിവയ്പ്പുകളും പ്രഥമ ശുശ്രൂഷയും** | പ്രവൃർത്തി സമയങ്ങളിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരെ സമീപിക്കുക | |
| **നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ, പുൽവിത്ത് ഇവയുടെ വിതരണം** | വിതരണം ചെയ്യുന്ന അവസരങ്ങളിൽ പ്രവൃർത്തി സമയങ്ങളിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരെ സമീപിക്കുക. | ഡിപ്പാർട്ട്മെൻ്റ് നിശ്ചയിക്കുന്ന നിരക്കിൽ വില നൽകണം |
| **വന്ധ്യതാ നിവാരണ ക്യാമ്പുകൾ** | ഇത്തരം ക്യാമ്പുകൾ നടക്കുമ്പോൾ ഉരുക്കളെ ക്യാമ്പിൽ എത്തിക്കുക | |

## അങ്കണവാടികൾ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

| സേവനം | നിബന്ധനകൾ | സമയപരിധി |
| --- | --- | --- |
| **അനുപൂരക പോഷകാഹാര വിതരണം 6 വയസിന് താഴെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മ മാർക്കും** | ഗർഭിണിയാണെന്ന് അറിഞ്ഞയുടനെ അടുത്ത അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യുക. 6 വയസിന് താഴെയുള്ള കുട്ടികളെ അംഗണവാടിക ളിൽ രജിസ്റ്റർ ചെയ്യുക | ഗർഭിണികൾക്ക് പ്രസവിച്ച് 6 മാസം വരെയും കുട്ടി കൾക്ക് 6 വയസ് വരെയും |
| **അനൗപചാരിക വിദ്യാഭ്യാസം 3 വയ സിനും 6 വയസിനും ഇടയിൽ** | കുട്ടിയുടെ പേര് അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യുക | കുട്ടിയ്ക്ക് 3 വയസ് മുതൽ 6 വയസ് വരെ |
| **ആരോഗ്യ പരിപാലനം (കുട്ടികൾക്കും അമ്മമാർക്കും)** | അങ്കണവാടിയിൽ പേര് രജിസ്റ്റർ ചെയ്യുക | അമ്മയ്ക്ക് പ്രസവിച്ച് 6 മാസം വരെയും കുട്ടി കൾക്ക് 6 വയസ് വരെ യും |
| **ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തുന്ന വിവിധ പ്രോജക്ടുകൾ പ്രകാരമുള്ള ആനുകൂല്യം** | കാലാകാലങ്ങളിൽ തയ്യാറാക്കുന്ന പ്രോജക്ടുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ | പ്രോജക്ടുകളിലെ വ്യവ സ്ഥകൾ പ്രകാരം |

## ആശാ പ്രവർത്തകരും പ്രവർത്തനങ്ങളും

ഗർഭിണികളെ കണ്ടെത്തി ആശുപത്രിയിൽ രജിസ്റ്റർ ചെയ്യുക, സബ്സെൻ്ററുകളിൽ എത്തിച്ച് വേണ്ട മരുന്നുകൾ കാലാകാലങ്ങളിൽ ലഭ്യമാക്കുക, കുട്ടികളെ സബ്സെൻ്ററുകളിൽ രജിസ്റ്റർ ചെയ്ത് അവർക്ക് വേണ്ടത്ര പ്രതിരോധ കുത്തിവയ്പ്പുകൾ ലഭ്യമാക്കുക, ആരോഗ്യ വിദ്യാഭ്യാസ ക്ലബ്ബുകൾ സംഘടിപ്പിക്കുക, മഴക്കാലരോഗ ശുചീകരണ പ്രവർത്തനങ്ങളായ ക്ലോറിനേഷൻ, പൾസ് പോളിയോ, മന്ത് നിവാരണം ഇവയിൽ സഹായിക്കുക.

## ഗ്രാമപഞ്ചായത്ത് - കുടുംബാരോഗ്യ കേന്ദ്രം

| സേവനം | നിബന്ധനകൾ | സമയപരിധി |
|---|---|---|
| **ഡോക്ടറുടെ സേവനം ഒ.പി.** | എല്ലാ ദിവസവും രാവിലെ 9 മണി മുതൽ ഡോക്ടറെ സമീപിക്കുക | |
| **മെഡിക്കൽ സർട്ടിഫിക്കറ്റ്** | ആവശ്യക്കാരൻ ഡ്യൂട്ടി സമയത്ത്  ഡോക്ടറുടെ മുന്നിൽ ഹാജ രാകണം 100/- രൂപ ഫീ അടക്കണം | |
| **ലൈഫ് സർട്ടിഫിക്കറ്റ്** | ആവശ്യക്കാരൻ പെൻഷൻ പേമെൻ്റ് ഓർഡർ സഹിതം  ഉച്ചയ്ക്ക് 12.30 മുതൽ 1.30 വരെ തിരിച്ചറിയൽ രേഖകൾ സഹിതം ഡോക്ടറെ സമീപിക്കണം | |
| **ഏജ് സർട്ടിഫിക്കറ്റ്** | റേഷൻകാർഡ് അല്ലെങ്കിൽ തിരിച്ചറിയൽ കാർഡ് ഇവയിൽ ഏതെ ങ്കിലും സഹിതം ഉച്ചയ്ക്ക് 12.30 മുതൽ 1.30 വരെ ഡോക്ടറെ സമീ പിക്കണം | |
| **കുടുംബാസൂത്രണ പ്രവർത്തനങ്ങൾ** | അർഹരായ ദമ്പതികൾ പ്രവൃത്തി സമയങ്ങളിൽ പി.എച്ച്. സെൻ്ററിൽ സമീപിക്കുക | |
| **വിവിധ പകർച്ചവ്യാധികൾക്ക് ചികിത്സ** | ഡ്യൂട്ടി സമയത്ത് ആരോഗ്യ കേന്ദ്രത്തിൽ സമീപിക്കുക | |
| **വിവിധ പ്രതിരോധ കുത്തിവയ്പ്പുകൾ** | എല്ലാ ബുധനാഴ്ചയും രാവിലെ 10 മണി മുതൽ 1 മണി വരെ | |
| **ജീവിതശൈലി രോഗനിർണ്ണയ ക്ലിനിക്ക്** | എല്ലാ ശനിയാഴ്ചയും രാവിലെ 9 മണി മുതൽ 1 മണി വരെ<br>സബ്സെന്റർ : വ്യാഴാഴ്ച | |
| **കിടപ്പ് രോഗികൾക്കുള്ള ഗൃഹപരിചരണവും സാന്ത്വന ചികിത്സയും** | മുൻകൂട്ടി രജിസ്റ്റർ ചെയ്യുക | |

| | |
|---|---|
| **പാലിയേറ്റീവ് മരുന്ന് വിതരണം** | പാലിയേറ്റീവ് രോഗി ആയിരിക്കണം. |
| **വിവിധ പ്രോജക്ടുകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ** | പ്രോജക്ടുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ |

## ഗ്രാമപഞ്ചായത്ത് - കുടുംബക്ഷേമ കേന്ദ്രങ്ങൾ

| സേവനം | നിബന്ധനകൾ | സമയപരിധി |
|---|---|---|
| **മാതൃശിശു സംരക്ഷണം** | ഡ്യൂട്ടി സമയത്ത് കുടുംബക്ഷേമ കേന്ദ്രത്തെ സമീപിക്കുക | |
| **പ്രതിരോധ കുത്തിവയ്പ്** | മാസത്തിലൊരിക്കൽ മുൻകൂട്ടി തീരുമാനിക്കുന്ന ദിവസങ്ങളിൽ | |
| **കുടുംബാസൂത്രണ പ്രവർത്തനങ്ങൾ** | അർഹരായ ദമ്പതികൾ പ്രവൃത്തി സമയങ്ങളിൽ കുടുംബക്ഷേമ കേന്ദ്രത്തെ സമീപിക്കുക | |
| **ജീവിതശൈലി രോഗ നിർണ്ണയവും നിയന്ത്രണവും** | എല്ലാ വ്യാഴാഴ്ചകളിലും 2 മണി മുതൽ 3 മണി വരെ | |

## ഗ്രാമപഞ്ചായത്ത് - വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസ്

| സേവനം | നിബന്ധനകൾ | സമയപരിധി |
|---|---|---|
| **വിവിധ ഭവന നിർമ്മാണപദ്ധതി യിൽ ഉൾപ്പെട്ട ഗുണഭോക്താ ക്കൾക്ക് ആനുകൂല്യ വിതരണം** | പഞ്ചായത്ത് അപേക്ഷ ക്ഷണിക്കു മ്പോൾ നിശ്ചിത ഫാറത്തിൽ അപേ ക്ഷ പൂരിപ്പിച്ച് സമർപ്പിക്കുക<br>ഗ്രാമസഭാ ലിസ്റ്റിൽ നിന്നും ഗ്രാമപ ഞ്ചായത്ത് അംഗീകരിച്ച് നൽകുന്ന ക്രമത്തിൽ റേഷൻ കാർഡ്, ഐ. ഡി. കാർഡ് ഇവ ഹാജരാക്കുക | മാനദണ്ഡം പൂർത്തീ കരണ പ്രകാരമുള്ള കാലാവധി ബാധകം |
| **വിവിധ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾക്ക് ആനുകൂല്യ വിത രണം** | പഞ്ചായത്ത് അപേക്ഷ ക്ഷണിക്കു മ്പോൾ നിശ്ചിത ഫാറത്തിൽ അപേ ക്ഷ പൂരിപ്പിച്ച് സമർപ്പിക്കുക<br>ഗ്രാമസഭാ ലിസ്റ്റിൽ നിന്നും ഗ്രാമപ ഞ്ചായത്ത് അംഗീകരിച്ച് നൽകുന്ന ക്രമത്തിൽ റേഷൻ കാർഡ്, ഐ. ഡി. കാർഡ് ഇവ ഹാജരാക്കുക | |

| | | |
|---|---|---|
| **വിവിധ ഭവന നിർമ്മാണ പദ്ധതി യിൽ ഉൾപ്പെടുന്ന ഗുണഭോക്താ ക്കൾക്ക് അവരുടെ വീടിൻ്റെ നിർമ്മാണഘട്ടം സംബന്ധിക്കുന്ന സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകൽ** | ബന്ധപ്പെട്ട വി.ഇ.ഒ.യ്ക്ക് നിർ മ്മാണ ഘട്ടം രേഖപ്പെടുത്തി അപേക്ഷ നൽകുക<br><br>റേഷൻകാർഡും പദ്ധതി കാർഡും ഹാജരാക്കുക | 7 ദിവസം |
| **വിവിധ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നതിനാ വശ്യമായ സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകൽ** | ബന്ധപ്പെട്ട വി.ഇ.ഒ.യ്ക്ക് നിർ മ്മാണ ഘട്ടം രേഖപ്പെടുത്തി അപേക്ഷ നൽകുക<br><br>റേഷൻകാർഡും പദ്ധതി കാർഡും ഹാജരാക്കുക | 7 ദിവസം |
| **ബി. പി. എൽ. സാക്ഷ്യപത്രത്തി നുള്ള അന്വേഷണ റിപ്പോർട്ട്** | ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ നൽകുക<br><br>റേഷൻകാർഡ്, ബി.പി.എൽ. നമ്പർ ഇവ ഹാജരാക്കുക | 3 ദിവസം |

# പൗരധർമ്മം

## പൗരന്റെ ചുമതലകളും കർത്തവ്യങ്ങളും

- നികുതികൾ യഥാസമയം തന്നെ അടക്കുക. പിഴപലിശ, ജപ്തി, പ്രോസിക്യൂഷൻ എന്നിവ ഒഴി വാക്കുക
- പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുശാസി ക്കുന്ന പ്രകാരം അംഗീകരിച്ച പ്ലാനിനും പെർമിറ്റിനും വിധേയമായി മാത്രം പണി ചെയ്യുക
- കെട്ടിടം പുതുതായി നിർമ്മിക്കുകയോ നിലവിലുള്ളവ പുതുക്കി പണിയുകയോ ചെയ്താൽ പണി പൂർത്തിയായാൽ ഉടൻ തന്നെ പഞ്ചായത്തിൽ വിവരം അറിയിക്കുകയും നികുതി നിർണ്ണയം /പുനർനിർണ്ണയം നടത്തുകയും ചെയ്യുക.
- പൊതു സ്ഥലങ്ങൾ, റോഡുകൾ എന്നിവ വൃത്തിയായി സൂക്ഷിക്കുവാൻ സഹകരിക്കുക. ആവ ശ്യമില്ലാത്ത സാധനങ്ങൾ പൊതുവഴിയിലും, പൊതുസ്ഥലങ്ങളിലും വലിച്ചെറിയുന്ന ശീലം മതി യാക്കുക. ഇവ പൊതുജനങ്ങൾക്ക് ഉപദ്രവമില്ലാത്ത വിധം നിക്ഷേപിക്കുക. വ്യക്തി ശുചിത്വവും പരിസര ശുചിത്വവും പാലിക്കുക. മാലിന്യങ്ങൾ വലിച്ചെറിയുന്നത് കുറ്റകരവും ശിക്ഷാർഹവുമാ ണ.
- പൊതുസ്ഥലങ്ങളിൽ പുകവലിക്കുന്നതും മദ്യം കഴിക്കുന്നതും ഉപേക്ഷിക്കുക. അപ്രകാരം ചെയ്യു ന്നവരെ നിരുത്സാഹപ്പെടുത്തുക. നിശ്ചിത മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകൾ ബഹിഷ്ക രിക്കുക.
- പാൻപരാഗ്, ഹാൻസ് തുടങ്ങിയ പേരുകളിൽ വിൽക്കപ്പെടുന്ന ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളുടെ ഉപയോഗം ഉപേക്ഷിക്കുക.
- ഹോട്ടലുകൾ, പഴക്കടകൾ, മറ്റ് സ്ഥാപനങ്ങൾ, പൗൾട്രിഫാം എന്നിവയുടെ അവശിഷ്ടം സ്വന്തം നിലകളിൽ സംസ്ക്കരിക്കുക.
- വളർത്ത് മൃഗങ്ങൾ, കോഴി, താറാവ് എന്നിവയും പൊതു സ്ഥലങ്ങളിലും കൃഷിയിടങ്ങളിലും അലഞ്ഞ് തിരിയുവാൻ അനുവദിക്കരുത്. പരിസരവാസികൾക്ക് ഇവ മൂലം ശല്യമുണ്ടാകാതിരി ക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
- വ്യാജവാറ്റ് പോലുള്ള സാമൂഹ്യതിന്മകൾ അവസാനിപ്പിക്കുകയും അവ ചെയ്യുന്നവരെ നിരുത്സാ ഹപ്പെടുത്തുകയും അധികാര സ്ഥാപനങ്ങളിൽ വിവരമറിയിക്കുകയും ചെയ്യുക. ലൈസൻസ് കൂടാതെയോ ലൈസൻസിന് വിരുദ്ധമായോ ഒരു സ്ഥാപനവും നടത്താതിരിക്കുക.
- പൊതുവായ കുടിവെള്ള സ്രോതസ്സുകൾ മലിനമാകാതെ ശ്രദ്ധിക്കണം
- ഗ്രാമസഭാ യോഗങ്ങളിൽ പങ്കെടുക്കുകയും നാടിൻ്റെ വികസനത്തിന് പങ്കാളിയാകുകയും ചെയ്യുക
- അയൽകൂട്ടങ്ങളുടെ രൂപീകരണത്തിന് താൽപര്യം കാണിക്കുകയും അവയെ ശക്തിപ്പെടുത്താനും നിലനിർത്താനും പരിശ്രമിക്കുകയും ചെയ്യുക.
- സ്വന്തം പറമ്പിലെ മരമോ അതിൻ്റെ കൊമ്പുകളോ അന്യൻ്റെ കെട്ടിടത്തിന് ഭീഷണിയായി നിൽക്കു കയോ അവരുടെ കൃഷിയ്ക്ക് ദോഷകരമായി നൽകുകയോ, അവരുടെ കുടിവെള്ള സ്രോതസ്സിന് മലിനമാക്കുന്ന വിധത്തിൽ ആയിരിക്കുകയോ ചെയ്യുന്നുവെങ്കിൽ ആ മരമോ അതിൻ്റെ കൊമ്പു കളോ മുറിച്ച് മാറ്റുകയും തടസ്സം നീക്കുകയും നിയമനടപടികളിൽ നിന്നും ഒഴിവാകുകയും ചെയ്യുക.
- പഞ്ചായത്ത് രാജ് നിയമങ്ങളുടെ ലംഘനം, പഞ്ചായത്ത്രാജ് ആക്ടിലെ വിവിധ ചട്ടങ്ങൾ പ്രകാരം ശിക്ഷാർഹമാണെന്നും അറിയുക.